"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്-മുതിർന്നപൗരന്മാരുടെ കേരള സംസ്ഥാന നയം-2026-അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യയനീതി (സി) വകുപ്പ്**

സ.ഉ.(കൈ) നം.10/2026/SJD തീയതി,തിരുവനന്തപുരം, 08-03-2026

---

പരാമർശം:- സാമൂഹ്യനീതി ഡയറക്ടറുടെ 21/07/2025-ലെ SJD/3420/2025-SC2 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന വയോജന നയം-2013 പരിഷ്കരിച്ചും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനുവേണ്ടി വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതി രൂപവത്കരിക്കുന്നതിനുള്ള മാർഗ്ഗരേഖയായി ഏറ്റവും ഒടുവിൽ നടന്ന സർവ്വേ വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തി ഇതോടനുബന്ധമായി ചേർത്തിട്ടുള്ള മുതിർന്നപൗരന്മാരുടെ കേരള സംസ്ഥാന നയം-2026 അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യസുരക്ഷമിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം, കേരളം
ധനകാര്യവകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ വകുപ്പുകൾക്കും
സെക്രട്ടറി, കേരള നിയമസഭ
പൊതുഭരണ (എസ്.സി) വകുപ്പ് (ഐറ്റം നമ്പർ 3643, തീയതി 11/02/2026)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Lathika K
Date: 12-03-2026 12:59:53

സെക്ഷൻ ഓഫീസർ

(2)

**രഹസ്യം**

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 11-02-2026

ഫയൽ നം. സാനീവ-സി2/274/2024/സാനീവ. ഇനം നം: 3643

വിഷയം : സാമൂഹ്യനീതി വകുപ്പ് - മുതിർന്ന പൗരന്മാരുടെ കേരള സംസ്ഥാന നയം - 2025 അംഗീകരിക്കുന്നത്.

തീരുമാനം : "2025" എന്നത് "2026" എന്ന ഭേദഗതിയോടെ കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. ഏറ്റവും ഒടുവിൽ നടന്ന സർവ്വേയിലെ വിശദാംശങ്ങൾ കൂടി നയത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

3643

"ഭരണഭാഷ- മാതൃഭാഷ"

| കേരള സർക്കാർ<br>(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് | | |
|---|---|---|
| 1. | ഫയൽനമ്പർ | സാനീവ-സി2/274/2024-സാനീവ |
| 2. | വകുപ്പ് | സാമൂഹ്യനീതി (സി) വകുപ്പ് |
| 3. | വിഷയം | മുതിർന്നപൗരന്മാരുടെ കേരള സംസ്ഥാന നയം-2025 അംഗീകരിക്കുന്നത്-സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 28/11/2025 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | സൂസൻ ലോപ്പസ് |
| 8. | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | ഡോ.അദീല അബ്ദുള്ള ( [illegible] |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | 31/01/2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ എ ജയതിലക് [illegible] |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 04/02/2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ഡോ ആർ ബിന്ദു |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 05/02/2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 10/02/2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

മുതിർന്ന പൗരന്മാരുടെ അന്തസ്സും ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്നതിനായി പരിഷ്കരിച്ച കരട് മുതിർന്നപൗരന്മാരുടെ സംസ്ഥാനനയം-2025 അംഗീകരിക്കുന്നത് സംബന്ധിച്ച കുറിപ്പാണിത്.

2. സഹകരണ മനോഭാവമുള്ള പൗരസമൂഹത്തിന്റെയും ഉത്തരവാദിത്വ ബോധമുള്ള സർക്കാരിന്റെയും പിന്തുണയോടെ, ഒരു മുതിർന്ന വ്യക്തി പോലും അവഗണിക്കപ്പെടാതെ, എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ വയോജന -സൗഹൃദ-സമൂഹങ്ങൾ വളർത്തിയെടുത്ത് കേരളത്തിലെ മുതിർന്ന പൗരന്മാരുടെ അന്തസ്സും ക്ഷേമവും സജീവ പങ്കാളിത്തവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് നിലവിലുള്ള വയോജന നയം-2013 പരിഷ്കരിച്ച് സംസ്ഥാന വയോജനനയം - 2025 രൂപീകരിക്കുന്നത്.

3. 2013-ലെ മുതിർന്നപൗരന്മാർക്കുള്ള സംസ്ഥാന നയം കാലാനുസൃതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച് , ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും, തുടർന്ന് ഒരു ശില്പശാല നടത്തുകയും, അതിന്റെയടിസ്ഥാനത്തിൽ മുതിർന്ന പൗരന്മാർക്കുള്ള സംസ്ഥാന നയത്തിന്റെ കരട് സാമൂഹ്യനീതി ഡയറക്ടർ സമർപ്പിക്കുകയും ഉണ്ടായി. പ്രസ്തുത കരട് നയത്തിന്റെ പകർപ്പ് എല്ലാ വകുപ്പുകൾക്കും അഭിപ്രായത്തിനായി നല്കിയിരുന്നു. ശാസ്ത്ര സാങ്കേതിക വകുപ്പ്, സൈനിക ക്ഷേമ വകുപ്പ്, നികുതി വകുപ്പ്, നിയമ വകുപ്പ്, CSIND എന്നിവടങ്ങളിൽനിന്നും മറുപടി ലഭ്യമായിട്ടുണ്ട്.

"വയോജനനയത്തിന്റെ കരട് പതിപ്പുമായി ബന്ധപ്പെട്ടു ഭരണവകപ്പിനു നിയമവ്യാഖ്യാനം/നിയമോപദേശം ആവശ്യമുള്ള പക്ഷം ആയത് വ്യക്തമാക്കി ഫയൽ സഹിതം ലഭ്യമാക്കാവുന്നതാണെന്നു പ്രസ്തുത വകുപ്പിനെ അറിയിക്കാവുന്നതാണെന്നു" നിയമവകുപ്പ് അറിയിക്കുകയുണ്ടായി.

" വിവിധ തൊഴിൽ സാഹചര്യങ്ങളിൽ സേവനം ചെയ്ത് പരിചയ സമ്പന്നരായ വിമുക്ത ഭടന്മാരെ കൂടി ഉൾപ്പെടുത്തി വയോജന സംരക്ഷണ പദ്ധതികൾ രൂപപ്പെടുത്താവുന്നതാണെന്നും, നയം ഫലപ്രദമായി നടപ്പാക്കുന്നതിനായി സൈനിക ക്ഷേമ വകുപ്പിന്റെ ജില്ലാ ഓഫീസുകളുമായും അവരുടെ പ്രതിനിധി സംഘടനകളുമായും സാമൂഹ്യനീതി വകുപ്പ് നിരന്തരമായ ഏകോപനം ഉറപ്പാക്കണമെന്നും" സൈനിക ക്ഷേമ വകുപ്പിൽനിന്നും അറിയിച്ചിട്ടുണ്ട്.

"നികുതി വകുപ്പ് രജിസ്ടേഷൻ വകുപ്പുമായി ബന്ധപ്പെട്ടു സ്വീകരിച്ചു വരുന്ന

നടപടികൾ അറിയിച്ചിട്ടുണ്ട്. മറ്റുവകുപ്പുകളൊന്നും അഭിപ്രായം രേഖപ്പെടുത്തിയിട്ടില്ല.

4. പരിഷ്കരിച്ച മുതിർന്നപൗരന്മാരുടെ സംസ്ഥാനനയം-2025 അംഗീകരിക്കുന്നതിനായി ബഹു.ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി മുഖേന ബഹു.മുഖ്യമന്ത്രിയ്ക്ക് ഫയൽ സമർപ്പിച്ചപ്പോൾ കരട് നയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി. അപ്രകാരം പരിഷ്കരിച്ച മുതിർന്നപൗരന്മാരുടെ സംസ്ഥാനനയം-2025 -ന്റെ കരട് ഇതോടൊപ്പം ചേർക്കുന്നു.

## തീരുമാനിക്കേണ്ട വിഷയം

അനുബന്ധമായി ചേർത്തിട്ടുള്ള പരിഷ്കരിച്ച മുതിർന്നപൗരന്മാരുടെ സംസ്ഥാനനയം-2025 -ന്റെ കരട് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണോ?

# മുതിർന്നപൗരന്മാരുടെ കേരള സംസ്ഥാന നയം- 2026

## ഫെബ്രുവരി 2026

### 1. ആമുഖം

രാജ്യത്തെ മറ്റ സംസ്ഥാനങ്ങളേക്കാൾ വളർച്ചാനിരക്ക് കൂടുതലുള്ള സംസ്ഥാനമാണ് കേരളം. ആയുർദൈർഘ്യത്തിലുണ്ടായ വർദ്ധനവ് കേരളത്തിൽ വയോജനങ്ങളുടെ എണ്ണത്തിലും അതിവേഗത്തിലുള്ള വളർച്ചക്ക് നിദാനമായിരിക്കുകയാണ്. വയോജനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന ദ്രുതഗതിയിലുള്ള ഈ വർദ്ധനവ് മൂലം കേരള സംസ്ഥാനം ജനസംഖ്യാപരമായ ഒരു പരിണാമത്തിന് വിധേയമായികൊണ്ടിരിക്കുകയാണ്. കേരളം ആർജ്ജിച്ച സാമൂഹ്യ മുന്നേറ്റത്തിന്റെ അടയാളമായ വയോജനസംഖ്യയിലെ അതിവേഗത്തിലുള്ള ഈ വർദ്ധനവ്, പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം വെല്ലുവിളികൾ ഉയർത്തുന്നതുമാണ്. ."വയോജനങ്ങൾ" എന്ന് ഐക്യരാഷ്ട്രസഭയും, "മാതാപിതാക്കളുടെയും മുതിർന്നപൗരന്മാരുടെയും പരിപാലനത്തിനും, ക്ഷേമത്തിനും ഉള്ള നിയമം- 2007" പ്രകാരം നിർവചിച്ചിരിക്കുന്ന "60 നും അതിനുമുകളിലും പ്രായമുള്ള മുതിർന്നപൗരന്മാരും" ഇന്ന് കേരള ജനസംഖ്യയിൽ പ്രബലമായ ഒരു ജനവിഭാഗമാണ്. ആയുർദൈർഘ്യം വർദ്ധിച്ചതിന്റെ ഭാഗമായി ജനസംഖ്യയിൽ ഉണ്ടായ ഈ വൻമാറ്റം വയോജനങ്ങളുടെ വൈവിധ്യങ്ങളായ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് ലക്ഷ്യബോധത്തോടെയുള്ള സുസ്ഥിരമായ നയപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതിന്റെ അടിയന്തിര ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു.

ആരോഗ്യകരമായ വാർദ്ധക്യം എന്ന ലക്ഷ്യത്തിലൂടെ ഈ കാലഘട്ടം അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ നേരിടുക എന്നത് നിർണായകമാണ്. ഓരോ വ്യക്തിയും വാർദ്ധക്യകാലത്ത് സന്തോഷത്തോടെയും സമാധാനത്തോടെയും സുഖമായി ജീവിക്കുന്നതിനുള്ള പ്രവർത്തനശേഷി നിലനിർത്തുക എന്നതാണ് 'ആരോഗ്യകരമായ വാർദ്ധക്യം' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു വ്യക്തിയുടെ ആന്തരിക കഴിവുകളും, കുടുംബ സാഹചര്യങ്ങളും ചുറ്റുപാടുകളും ഈ ഘടകങ്ങൾ പരസ്പരം ഇടപഴകുന്ന രീതിയും ആരോഗ്യപൂർണ്ണമായ വാർദ്ധക്യത്തെ സ്വാധീനിക്കുന്നു. ആയുർദൈർഘ്യം വർദ്ധിക്കുന്നത് പുരോഗതിയുടെ ലക്ഷണമായി കണക്കാക്കിക്കൊണ്ടുതന്നെ വാർദ്ധക്യത്തെ ജൈവാവസ്ഥയായി മാത്രം കാണുന്നതിനപ്പുറം , മാന്യതയോടും സുരക്ഷയോടും സാമൂഹ്യ പങ്കാളിത്തത്തോടും കൂടി ജീവിക്കേണ്ട ജീവിത ഘട്ടമായി കണ്ടുകൊണ്ട് മുതിർന്നപൗരന്മാരുടെ ക്ഷേമത്തിനും, സാമ്പത്തിക സുരക്ഷയ്ക്കും, സാമൂഹിക ഉൾക്കൊള്ളലിനും വേണ്ടവിധത്തിൽ നിലവിലുള്ള പദ്ധതികൾക്ക് ഉപരിയായി കൂടുതൽ പദ്ധതികളുടെ രൂപകല്പന അത്യന്താപേക്ഷിതമാണ്. ജനസംഖ്യാപരമായ വളർച്ച കൊണ്ടുള്ള ഗുണപരമായ മാറ്റത്തെ പ്രത്യേക പരിഗണനയോടെ കാണുന്ന സമീപനം സ്വീകരിക്കേണ്ടതുണ്ട്. കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക വികസനത്തെ മുന്നോട്ട് നയിക്കാനുതകുന്നതിന് സഹായകരമായ, അവരുടെ അനുഭവങ്ങളും കഴിവുകളും സമൂഹത്തിനുപയോഗപ്പെടുത്തുവാൻ വലിയ സാധ്യതകളുള്ള കേളത്തിന്റെ മാനവവിഭവശേഷിയെ

ശക്തിപ്പെടുത്തുന്ന വിധത്തിൽ കൂടിയാവണം മുൻപറഞ്ഞ ക്ഷേമപദ്ധതികൾ ആവിഷ്കരിക്കപ്പെടേണ്ടത്. ക്ഷേമപ്രവർത്തനങ്ങൾ തന്നെ വികസനപ്രവർത്തനങ്ങൾ കൂടിയാവുന്ന, ഇക്കോണമിയും സാമൂഹ്യമായ ഇക്കോസിസ്റ്റവും സമന്വയിക്കുന്നതാവണം നവകേരളം എന്ന സമീപനം. നവഉദാരീകരണ പ്രവർത്തന പദ്ധതികളിൽനിന്ന് വേറിട്ട ഈ സമീപനമാണ് രാജ്യത്ത് ആദ്യമായി വയോജന കമ്മീഷൻ രൂപീകരിച്ചതിലടക്കം കേരളം സ്വീകരിച്ചത്.

"ഉപയോഗിക്കുക വലിച്ചെറിയുക" എന്ന നവലിബറൽ സംസ്കാരത്തിന്റെ ആക്രമണോത്സുകതയും, നിരന്തരമുള്ള ആരോഗ്യ തകർച്ചയും, ജീവിത ശൈലീ രോഗങ്ങളിലുണ്ടാവുന്ന വർദ്ധനവും, വർദ്ധിച്ച വരുന്ന കാലാവസ്ഥാ അപകട സാധ്യതകളും വയോജനങ്ങൾ ഉൾപ്പെടെയുള്ള ദുർബല ജനവിഭാഗങ്ങളിൽ ആരോഗ്യ വെല്ലുവിളികൾ വർദ്ധിപ്പിക്കുന്നു. കേരളത്തിന്റെ പ്രായമായവരിൽ സ്ത്രീകളുടെ ഗണ്യമായ സാന്നിദ്ധ്യവും, സ്വന്തം കഴിവുകൾ പൂർണമായും ഉപയോഗപ്പെടുത്താൻ കഴിയാതെ പോയ സാമൂഹ്യ സാഹചര്യങ്ങളും സ്ത്രീ വയോജനങ്ങളുടെ വിഷയത്തിൽ കൂടുതൽ ശ്രദ്ധ ആവശ്യപ്പെടുന്നുണ്ട്. "ഇന്റർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൈഗ്രേഷൻ ആൻ്റ് ഡവലപ്പ്മെൻ്റ് റിപ്പോർട്ട് - 2025" പ്രകാരം കേരളത്തിൽ 2051 ആകുമ്പോഴേക്കും ജനസംഖ്യയുടെ 30% വയോജനങ്ങൾ ആയിരിക്കും എന്നാണ് കണക്ക്. അതുകൊണ്ട് തന്നെ ഒരു മുതിർന്നപൗരൻ പോലും പിന്തള്ളപ്പെടുന്നില്ലെന്ന് ഉറപ്പാക്കുന്ന സമഗ്രവും സ്ഥിരതയുള്ളതും വയോജനങ്ങളുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതുമായ ഒരു വികസന തന്ത്രം ആവിഷ്കരിക്കേണ്ടതിന്റെ പ്രസക്തി ഏറെയാണ്.

## 2. കേരളത്തിലെ വാർദ്ധക്യാവസ്ഥ

ദ്രുതഗതിയിലുള്ള ജനസംഖ്യാ പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. കുറഞ്ഞ ജനന, മരണനിരക്കുകൾ സംസ്ഥാനത്ത് നിലവിലുള്ള പ്രായഘടനയിൽ ഗണ്യമായ മാറ്റം വരുത്തിയിട്ടുണ്ട്. ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൈഗ്രേഷൻ ആന്റ് ഡവലപ്പ്മെന്റിന്റെ 2025 ലെ റിപ്പോർട്ട് പ്രകാരം 60 നും അതിനു മുകളിലും പ്രായമുള്ളവരുടെ ജനസംഖ്യാനുപാതം 2011 ലെ 12.5% ത്തിൽനിന്ന് 2021 ആയപ്പോഴേക്കും 15% മായി വർദ്ധിച്ചിട്ടുണ്ട്. ഈ പ്രവണത ജനസംഖ്യയിൽ അനുദിനം വർദ്ധിച്ചുവരുന്ന വയോജനങ്ങളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും അടിയന്തിരമായി പരിഹരിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നു.

2017-ൽ രാജ്യത്ത് നടന്ന "വയോജന സർവ്വേ" (ലോഞ്ചിട്യൂഡിനൽ ഏജിങ് സർവ്വേ ഓഫ് ഇന്ത്യ) ആരോഗ്യ സാമ്പത്തിക സാമൂഹിക മേഖലകളിൽ കേരളത്തിലെ മുതിർന്നവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഈ സർവ്വേ പ്രകാരം കേരളത്തിലെ മുതിർന്നവർ വിവിധതരം ആരോഗ്യ വെല്ലുവിളികൾ നേരിടുന്നവരാണ്. സംസ്ഥാനത്തെ വയോജനങ്ങളിൽ 34.75% പേർ പ്രമേഹ രോഗികളാണെങ്കിൽ 53.24% പേർ രക്തസമ്മർദ്ദം അനുഭവിക്കുന്നവരാണ്. വയോജനങ്ങളിലെ ഈ രോഗാവസ്ഥ ഗണ്യമായ വെല്ലുവിളികളാണ് ഉയർത്തുന്നത്. ആരോഗ്യപ്രശ്നങ്ങളൊന്നുമില്ലെന്ന് റിപ്പോർട്ട് ചെയ്യുന്നവർ കേവലം 5.91

ശതമാനമാണ്. അതേസമയം 19.68 ശതമാനം പേർക്ക് മൂന്നോ അതിലധികമോ രോഗങ്ങളുണ്ട്. വയോജനങ്ങൾ ബഹുവിധ രോഗങ്ങളാൽ ക്ലേശങ്ങൾ അനുഭവിക്കുന്നുണ്ട് എന്നാണ് ഈ കണക്കുകൾ കാണിക്കുന്നത്.

വയോജനസംഖ്യയിൽ ഭിന്നശേഷിയുള്ളവരുടെ എണ്ണവും കുറവല്ല. കാഴ്ച, കേൾവി, ചലനം എന്നിവയുമായി ബന്ധപ്പെട്ട ഭിന്നശേഷികൾ വയോജനങ്ങൾക്കിടയിൽ ഗണ്യമായ നിരക്കിൽ കാണപ്പെടുന്നു. സ്ത്രീകൾക്കിടയിൽ പ്രതിരോധ, ആരോഗ്യസംരക്ഷണ സൗകര്യങ്ങൾ പൂർണ്ണമായി ഉപയോഗിക്കപ്പെടുന്നില്ല എന്നും കണക്കുകൾ കാണിക്കുന്നു. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ ഇടയിൽ കാഴ്ച സംബന്ധമായ ഭിന്നശേഷിയും ഒന്നിലധികം ഭിന്നശേഷിയുള്ള അവസ്ഥയും അൽപ്പം കൂടുതലായി കാണപ്പെടുന്നു. ഭിന്നശേഷി ക്ഷേമ മേഖലയിൽ ലിംഗ സമത്വപരമായ സമീപനം സ്വീകരിക്കേണ്ടതിന്റെ അനിവാര്യത ഇത് ബോധ്യപ്പെടുത്തുന്നു. വയോജനങ്ങളിൽ ഏകദേശം 11.8% പേർ ഒന്നിൽ കൂടുതൽ ഭിന്നശേഷിയുള്ളവരാണ്. വർദ്ധിച്ചുവരുന്ന ഇത്തരം വെല്ലുവിളികൾ നേരിടാൻ സമഗ്രമായ വയോജന പരിചരണ തന്ത്രം ആവശ്യമാണ്.

ദുർബലരായ വയോജനങ്ങൾക്ക് പ്രത്യേകിച്ച് വയോജനങ്ങളായ വിധവകൾ, അവിവാഹിതർ എന്നിവരുടെ കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്.

വയോജനങ്ങൾക്കിടയിൽ വിവാഹത്തിന്റെ കാര്യത്തിലും ലിംഗപരമായ അസമത്വം നിലനിൽക്കുന്നു. പുരുഷന്മാരായ വയോജനങ്ങൾ 20% വിവാഹിതരാകുമ്പോൾ മുതിർന്ന സ്ത്രീകൾ 10% മാത്രമേ വിവാഹിതരാകുന്നുള്ളൂ. പുരുഷന്മാരെ അപേക്ഷിച്ച് സാമൂഹിക ഒറ്റപ്പെടൽ കൂടുതലായി നേരിടേണ്ടിവരുന്ന പ്രായമായ സ്ത്രീകളുടെ അവസ്ഥയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു.

തൊഴിലിൽ സജീവമായി ഏർപ്പെടുന്നത് 14.85% വയോജനങ്ങളാണ് എന്നത് തൊഴിലിലെ പരിമിതമായ വയോജന പങ്കാളിത്തത്തെ സൂചിപ്പിക്കുന്നു. പ്രായമായ പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്തം 27% ആണെങ്കിൽ 6.07% മാത്രമാണ് വയോജന സ്ത്രീകൾക്കിടയിലെ തൊഴിൽ പങ്കാളിത്തം. ഇത് വയോജനങ്ങളുടെ തൊഴിൽ മേഖലയിലെ ലിംഗ അസമത്വം വെളിപ്പെടുത്തുന്നു.

ഈ പ്രശ്നങ്ങൾ കേരളത്തിലെ വയോജനങ്ങളുടെ സാമ്പത്തിക സുരക്ഷ, ആരോഗ്യം, സാമൂഹിക ഉൾപ്പെടുത്തൽ എന്നിവ ഉറപ്പാക്കുന്ന പുതിയ നയങ്ങളും സംവിധാനങ്ങളും ആവിഷ്കരിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തു കാണിക്കുന്നു.മുതിർന്നപൗരന്മാർ സമൂഹത്തിന്റെ ഭാരമായി കാണപ്പെടാതെ ജീവിതാനുഭവും അറിവും പങ്കുവെയ്ക്കുന്ന സജീവ സമൂഹജീവിത പങ്കാളുകളായി അംഗീകരിക്കപ്പെടേണ്ടതുണ്ട്.

**3.വയോജനങ്ങൾക്കുവേണ്ടിയുള്ള നയങ്ങളും നിയമ ചട്ടക്കൂടുകളും**

വയോജനങ്ങളുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിൽ കേരളം കാണിക്കുന്ന പ്രതിബദ്ധത ഈ മേഖലയിലുള്ള ആഗോള ദേശീയ ചട്ടക്കൂടുകളുമായി പൊരുത്തപ്പെടുന്നതും മുതിർന്നവരുടെ അന്തസ്സ്, പരിചരണം, സുരക്ഷ, ഉൾച്ചേർക്കൽ എന്നിവ ഉറപ്പാക്കുന്ന സമഗ്രമായ സമീപനത്തെ പ്രതിഫലിപ്പിക്കുന്നതുമാണ്. വയോജനങ്ങളെ ദേശീയ വികസന നയങ്ങളിൽ ഉൾപ്പെടുത്തേണ്ടതിന്റെ

ആവശ്യകത മുന്നോട്ടുവെച്ച 1982 – ലെ "വിയന്ന അന്താരാഷ്ട്ര വയോജന കർമ്മ പദ്ധതി" (വിയന്ന ഇന്റർനാഷണൽ പ്ലാൻ ഓഫ് ആക്ഷൻ ഓൺ ഏജിംഗ്, 1982) പോലെയുള്ള നടപടികളിലൂടെയാണ് വയോജന നയങ്ങൾ ആഗോളതലത്തിൽ ഉരുത്തിരിഞ്ഞത്. തുടർന്ന് മുതിർന്നവരുടെ സ്വാതന്ത്ര്യം, പങ്കാളിത്തം, പരിചരണം, ആത്മ സാക്ഷാത്കാരം, അന്തസ്സ് എന്നിവ ഉറപ്പാക്കുന്ന വയോധികർക്കായുള്ള ഐക്യരാഷ്ട്രസഭാ തത്വങ്ങൾ 1991–ൽ രൂപപ്പെട്ടു. 2002 ലെ 'മാഡ്രിഡ് അന്താരാഷ്ട്ര വയോജന കർമ്മ പദ്ധതി' (മാഡ്രിഡ് ഇന്റർനാഷണൽ പ്ലാൻ ഓഫ് ആക്ഷൻ ഓൺ ഏജിംഗ്, 2002) വയോജനങ്ങളുടെ ദാരിദ്ര്യം, ആരോഗ്യ വെല്ലുവിളികൾ എന്നിവ പരിഹരിക്കുന്നതിനും വയോജന സൗഹൃദ ചുറ്റുപാടുകൾ സൃഷ്ടിക്കുന്നതിനുമുള്ള തന്ത്രപരമായ ഒരു രൂപരേഖ മുന്നോട്ടു വെച്ചു. 'ഷാങ്ഹായ് പ്ലാൻ ഓഫ് ആക്ഷൻ' (2002), 'മക്കാവു ഔട്ട്കം ഡോക്യുമെന്റ് ' (2007) എന്നിവ ഏഷ്യാ ഭൂഖണ്ഡത്തിൽ വയോജന സൗഹൃദ നയങ്ങളും അന്തരീക്ഷവും രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ ഊന്നിപ്പറഞ്ഞു.

വയോജനങ്ങൾക്ക് പ്രത്യേകം ബാധകമായ 'നല്ല ആരോഗ്യവും ക്ഷേമവും' (എസ്.ഡി.ജി–3) എന്ന ലക്ഷ്യം ഉൾപ്പെടുത്തി ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ 2015 ൽ അവതരിപ്പിക്കപ്പെട്ടു. സുസ്ഥിര വികസന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന്റെ പ്രതിബദ്ധത ഉയർത്തിപ്പിടിച്ചുകൊണ്ട് വയോജനങ്ങളുടെയും അവരുടെ കുടുംബങ്ങളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് 2021–2030 കാലയളവ് ആരോഗ്യകരമായ വാർദ്ധക്യത്തിന്റെ ദശകമായി ഐക്യരാഷ്ട്രസഭയുടെ പൊതുസഭ പ്രഖ്യാപിച്ചു. ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിലുള്ള 'ആരോഗ്യ വാർദ്ധക്യ ദശകാചരണം' പ്രായാധിക്യത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആരോഗ്യ പൂർണ്ണമായ വർദ്ധക്യത്തിനുള്ള കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും സംയോജിത പരിചരണ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

ദേശീയതലത്തിൽ, മുതിർന്നപൗരന്മാരെ പിന്തുണയ്ക്കുന്നതിനായി ഇന്ത്യ ശക്തമായ നയം രൂപീകരിച്ചിട്ടുണ്ട്. ഭരണഘടനയുടെ അനുഛേദം 41 പ്രായമായവർക്ക് പൊതുപിന്തുണ വിഭാവനം ചെയ്യുന്നു. 'ദേശീയ വയോജന നയവും' (1999) അതിന്റെ പരിഷ്കരിച്ച പതിപ്പായ 'മുതിർന്ന പൗരന്മാർക്കുള്ള ദേശീയ നയവും' –(2011) ഈ പ്രതിബദ്ധതയെ കൂടുതൽ ശക്തിപ്പെടുത്തുന്നു. ഈ നയങ്ങൾ വയോജനങ്ങളുടെ സാമ്പത്തിക സുരക്ഷ, ആരോഗ്യ സംരക്ഷണം, കുടുംബാധിഷ്ഠിത പരിചരണ മാതൃകകൾ, തടസ്സരഹിതമായ ചുറ്റുപാട് എന്നിവയെ പ്രോത്സാഹിപ്പിക്കുന്നു. 2007– ലെ 'മാതാപിതാക്കളുടെയും മുതിർന്നപൗരന്മാരുടെയും പരിപാലന, ക്ഷേമ നിയമം' അവഗണനയ്ക്കും ഉപേക്ഷിക്കലിനും എതിരെ നിയമപരമായ സംരക്ഷണം ഉറപ്പാക്കുകയും, അവസാന ആശ്രയമായി മാത്രം സ്ഥാപനപരമായ പരിചരണത്തിന് പരിഗണന നൽകുകയും ചെയ്യുന്നു.

വയോജന സംരക്ഷണത്തിലും പരിപാലനത്തിലും മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ദേശീയ സാമൂഹിക സഹായ പദ്ധതി പ്രകാരം നിശ്ചയിച്ച മാനദണ്ഡങ്ങൾ വിപുലമാക്കി കൂടുതൽ പേരെചേർത്തും തുക വർദ്ധിപ്പിച്ചും വാർദ്ധക്യ പെൻഷൻ, ഭിന്നശേഷി പെൻഷൻ, വിധവാ പെൻഷൻ എന്നിവ നൽകികൊണ്ട് വയോജനങ്ങൾക്ക് കൂടുതൽ സാമ്പത്തിക സുരക്ഷയും പരിഗണനയും ഉറപ്പാക്കുന്ന സംസ്ഥാനമാണ് കേരളം. വയോജന ക്ഷേമത്തിനുള്ള പ്രതിബദ്ധത തെളിയിച്ചുകൊണ്ട് ഇന്ത്യയിലാദ്യമായി വയോജനങ്ങൾക്ക് വേണ്ടി

ഒരു സംസ്ഥാന നയം– 2006 ൽ രൂപീകരിച്ച സംസ്ഥാനമാണ് കേരളം. ഈ നയം പരിഷ്കരിച്ച് നിലവിലുള്ള മുതിർന്നപൗരന്മാരുടെ സംസ്ഥാന നയം –2013 ൽ കേരളത്തിൽ പ്രാബല്യത്തിൽ വന്നു.

സാമ്പത്തിക സഹായം, ആരോഗ്യസംരക്ഷണം, സാമൂഹികപിന്തുണ, സാമൂഹിക ഉൾച്ചേർക്കൽ എന്നിവ ഉറപ്പാക്കി വയോജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് നിരവധി പദ്ധതികളും പരിപാടികളും സംസ്ഥാനം കഴിഞ്ഞ കുറേ വർഷങ്ങളായി നടപ്പിലാക്കിവരുന്നു. സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന 'വയോമിത്രം പദ്ധതി' മൊബൈൽ ക്ലിനിക്കുകളിലൂടെയും മെഡിക്കൽ ക്യാമ്പുകളിലൂടെയും ആരോഗ്യ സംരക്ഷണം, സാന്ത്വന പരിചരണം, കൗൺസിലിംഗ് എന്നിവ നൽകുമ്പോൾ, 'മന്ദഹാസം' കൃത്രിമ ദന്തമോണകൾ സൗജന്യമായി നൽകുന്നു. സാമൂഹിക ഇടപെടലിനും വിനോദത്തിനുമായി 'സായംപ്രഭ' പകൽ പരിചരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. 'സെക്കന്റ് ഇന്നിംഗ്സ് ഹോം' പോലെയുള്ള പദ്ധതികൾ സ്നേഹാലയങ്ങളെ സമഗ്രപരിചരണ കേന്ദ്രങ്ങളാക്കി ഉയർത്തുന്നു. 'വയോസാന്ത്വനം' കിടപ്പിലായ വയോജനങ്ങൾക്ക് സന്നദ്ധസംഘടനകൾ വഴി സഹായമേകുന്നു. 'ഓർമ്മത്തോണി' പദ്ധതി മേധാക്ഷയവും മറവി രോഗവും ഉള്ളവർക്ക് പിന്തുണാ സഹായം നൽകുന്നു. 'ആശ്വാസകിരണം' പദ്ധതിയിലൂടെ കിടപ്പു രോഗികളുടെ പരിചാരകർക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.

'എൽഡർ ലൈൻ' പദ്ധതി വയോജനങ്ങൾക്കായി പ്രത്യേകമായി ഹെൽപ്പ്ലൈൻ സേവനം ഉറപ്പാക്കുന്നു. 'വാതിൽപ്പടിസേവനം' പോലെ മുതിർന്നവർക്ക് നേരിട്ടുള്ള സഹായം നൽകുന്ന സാമൂഹ്യാധിഷ്ഠിത പദ്ധതികളുടെ കാര്യത്തിലും കേരളം മുൻപന്തിയിലാണ്. 'വയോ അമൃതം' ആധുനികവും പരമ്പരാഗതവുമായ ആരോഗ്യസംരക്ഷണ സമീപനങ്ങളെ സംയോജിപ്പിക്കുന്നു. ഒറ്റപ്പെടലിൽ ആശ്വാസമായി പുതുതലമുറയുമായി സംവദിക്കുന്നതിനും, മാനസികോല്ലാസത്തിനുമായി 'സല്ലാപ'വും അടിയന്തര ഘട്ടങ്ങളിൽ സഹായത്തിനായി എല്ലാ ജില്ലകളിലും 'ദ്രുതകർമ്മസേന' (RRT) യും സജ്ജമാവുകയാണ്. നിർദ്ധനരായ വയോജനങ്ങൾക്ക് പുനരധിവാസവും, അടിയന്തിര സേവനങ്ങളും ഉറപ്പുവരുത്തുന്നതിനായി 'വയോരക്ഷ' പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

കുടുംബശ്രീയുടെ 'വയോജന സ്വയം സഹായ സംഘങ്ങളും' 'ഹർഷം ജെറിയാട്രിക് പദ്ധതി'യും കേരളത്തിന്റെ സമഗ്രവയോജന പരിചരണ ചട്ടക്കൂടിനെ കൂടുതൽ ശക്തിപ്പെടുത്തുന്നു. ഇത്തരത്തിലുള്ള വിവിധ പദ്ധതികൾ ഗണ്യമായ നേട്ടങ്ങൾ സംസ്ഥാനത്തിന് നൽകിയിട്ടുണ്ട്. എങ്കിലും അവയുടെ വ്യാപ്തിയും പ്രവർത്തന പരിധിയും ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇത്തരം പദ്ധതികളുടെ മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്താനും പടിപടിയായി പൂർണ്ണശേഷിയിലേക്ക് വികസിപ്പിക്കാനും കൂടുതൽ സമഗ്രമായ ഒരു സമീപനത്തിന്റെ ആവശ്യകതയുണ്ട്.

കേരളത്തിന്റെ അതിവേഗത്തിലുള്ള ജനസംഖ്യാപരവും സാമൂഹികവും സാമ്പത്തികവുമായ മാറ്റങ്ങളുടെ പശ്ചാതലത്തിൽ പുതുക്കിയതും കൂടുതൽ സമഗ്രവുമായ ഒരു നയചട്ടക്കൂട് രൂപീകരിക്കേണ്ടതിന്റെ അടിയന്തര ആവശ്യകത അനിവാര്യമായിത്തീർന്നിരിക്കുന്നു. പ്രായമായവരുടെ വർദ്ധിച്ചുവരുന്ന ജനസംഖ്യ, കുടുംബ

ബന്ധങ്ങളിലെയും സാമൂഹ്യ ഘടനകളിലെയും മാറ്റങ്ങൾ, വർദ്ധിച്ചുവരുന്ന ആരോഗ്യ സംരക്ഷണ ആവശ്യങ്ങൾ തുടങ്ങിയ വെല്ലുവിളികൾ പരിഹരിക്കുന്നതിനൊപ്പം സാമ്പത്തികമായും സാമൂഹികമായും പ്രയാസമനുഭവിക്കുന്ന മുതിർന്നപൗരന്മാരുടെ ആവശ്യങ്ങൾക്ക് മുൻഗണന നല്കിക്കൊണ്ടുള്ള അനുകൂലമായ ഒരു സമീപനമാണ് ഈ പുതുക്കിയ നയം സ്വീകരിക്കുന്നത്. മുതിർന്നപൗരന്മാർ സമൂഹത്തിന്റെ ഭാരമായി കാണപ്പെടാതെ ജീവിതാനുഭവും അറിവും പങ്കുവെയ്ക്കുന്ന സജീവ സമൂഹജീവിത പങ്കാളികളായി അംഗീകരിക്കപ്പെടേണ്ടതുണ്ട്. സജീവവും ആരോഗ്യകരവുമായ വാർദ്ധക്യം, സാമ്പത്തികസുരക്ഷ, വിഭവങ്ങളുടെ തുല്യമായ ലഭ്യത എന്നിവ പരിപോഷിപ്പിക്കുന്നതിലൂടെ, സാമൂഹിക-സാമ്പത്തിക നില പരിഗണിക്കാതെ, അന്തസ്സോടെയും കരുതലോടെയും തന്റെ വാർദ്ധക്യകാലത്തു ജീവിക്കുന്നതിന് ഓരോ മുതിർന്നപൗരനും ആവശ്യമായ പിന്തുണ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ 'മുതിർന്നപൗരന്മാരുടെ കേരള സംസ്ഥാന നയം– 2026' ലക്ഷ്യമിടുന്നു.

**4. നയ ദർശനവും ദൗത്യവും**

**ദർശനം**

സഹകരണ മനോഭാവമുള്ള പൗരസമൂഹത്തിന്റെയും ഉത്തരവാദിത്വ ബോധമുള്ള സർക്കാരിന്റെയും പിന്തുണയോടെ, ഒരു മുതിർന്ന വ്യക്തിപോലും അവഗണിക്കപ്പെടാത്ത, വാർദ്ധക്യത്തെ ജൈവാവസ്ഥയായി മാത്രം കാണുന്നതിനപ്പുറം , മാന്യതയോടും സുരക്ഷയോടും സാമൂഹ്യ പങ്കാളിത്തത്തോടും കൂടി ജീവിക്കേണ്ട ജീവിത ഘട്ടമായി കണ്ടുകൊണ്ട് മുതിർന്നപൗരന്മാരുടെ ക്ഷേമത്തിനും, സാമ്പത്തിക സുരക്ഷയ്ക്കും, സാമൂഹിക ഉൾച്ചേർക്കലിനും വേണ്ടവിധത്തിൽ എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ വയോജന-സൗഹൃദ അന്തരീക്ഷം വളർത്തിയെടുത്ത് കേരളത്തിലെ മുതിർന്നപൗരന്മാരുടെ അന്തസ്സും ക്ഷേമവും സജീവ പങ്കാളിത്തവും ഉറപ്പാക്കുക.

**ദൗത്യം**

**1) സജീവവും ആരോഗ്യകരവുമായ വാർദ്ധക്യത്തെ/പ്രോത്സാഹിപ്പിക്കുക**

തലമുറകൾ തമ്മിലുള്ള സഹകരണം, വയോജന സൗഹൃദ ചുറ്റുപാടുകളും സമൂഹങ്ങളും, ആരോഗ്യകരമായ ജീവിതശൈലിയിലും ആജീവനാന്ത പഠനത്തിലും സജീവമായ പങ്കാളിത്തം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലൂടെ വയോജനങ്ങളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ ക്ഷേമം ഉറപ്പുവരുത്തുക.

**2) സംയോജിത പരിചരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുക**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ പ്രവർത്തകർ, സന്നദ്ധസംഘടനകൾ എന്നിവയുടെ സഹായത്തോടെ, പ്രായമാകുന്നവർക്ക് അവരവരുടെ സ്വന്തം വാസസ്ഥലത്തുതന്നെ തുടർന്നും ജീവിക്കാൻ കഴിയുന്നതിന് സഹായകരമായ ദീർഘകാല പരിചരണവും ആരോഗ്യ, പരിരക്ഷയും ലഭിക്കുന്നതിന്

വ്യക്തിയധിഷ്ഠിത വയോജന പരിചരണ സംവിധാനം വികസിപ്പിക്കും. ആവശ്യമായ ലക്ഷ്യാധിഷ്ഠിത പിന്തുണയും വിഭവങ്ങളും ലഭ്യമാക്കി മുതിർന്നവരെ പ്രതിഫലമില്ലാതെ പരിചരിക്കുന്നവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉറപ്പാക്കും.

**3) സാമൂഹികവും തലമുറകൾ തമ്മിലുള്ളതുമായ ഐക്യദാർഢ്യം ഉറപ്പാക്കുക.**

തലമുറകൾ തമ്മിലുള്ള പരസ്പര സഹകരണം, കൂട്ടുത്തരവാദിത്വം, വാർദ്ധക്യത്തിന് മൂല്യം നൽകുന്ന സാമൂഹിക മനോഭാവങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കും. വാർദ്ധക്യത്തെ സംബന്ധിച്ച തെറ്റായ ധാരണകളും വിശ്വാസങ്ങളും, കാഴ്ച്ചപ്പാടുകളും മാറ്റും. പരസ്പര ബഹുമാനവും സാമൂഹിക ആശ്രയത്വവും ഉറപ്പാക്കുന്നതിനുതകുന്ന നൂതന പരിപാടികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും വയോജനങ്ങളുടെ സജീവ പങ്കാളിത്തം പ്രോത്സാഹിപ്പിക്കും.

**4) തുല്യത ഉൾച്ചേർക്കൽ, നീതി എന്നിവ ശക്തിപ്പെടുത്തുക**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൗരസമൂഹം, ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവ വഴിയുള്ള ലക്ഷ്യബോധമുള്ള ഇടപെടലുകളിലൂടെയും സഹകരണത്തിലൂടെയും, പാർശ്വവൽക്കരിക്കപ്പെട്ട വയോജനങ്ങൾക്കിടയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ദരിദ്രർക്കനുകൂലമായ നയങ്ങൾ സർക്കാർ നടപ്പിലാക്കും. ആരോഗ്യസംരക്ഷണത്തിലും വിഭവങ്ങളിലും അവസരങ്ങളിലും സമത്വവും തുല്യതയും വയോജനങ്ങൾക്ക് ഉറപ്പാക്കുന്നതിനോടൊപ്പം വയോജനങ്ങളുടെ മാന്യത, സാമ്പത്തിക സുരക്ഷ, നീതി എന്നിവ ഉയർത്തിപ്പിടിക്കുകയും ചെയ്യും.

**5). ഉത്തരവാദിത്വമുള്ളതും പരിവർത്തനക്ഷമവുമായ ഭരണസംവിധാനം ഉറപ്പാക്കുക**

വയോജന സമൂഹത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങൾക്കും സാമൂഹ്യമാറ്റങ്ങൾക്കും അനുസൃതമായി, സർക്കാർ വകുപ്പുകൾ ഉൾപ്പെടെ എല്ലാ പങ്കാളികളെയും പ്രാപ്തരാക്കുകയും നിഷ്പക്ഷതയും സാമൂഹിക ഉത്തരവാദിത്വവും ഉറപ്പാക്കുന്ന നിരീക്ഷണം, വിലയിരുത്തൽ, പൊതുജനാഭിപ്രായം എന്നിവയ്ക്കായി സുതാര്യവും പങ്കാളിത്തപരവുമായ സംവിധാനങ്ങൾ സ്ഥാപിക്കുകയും ചെയ്യും.

**6) ഭരണചട്ടക്കൂടുകളുടെ മുഖ്യധാരയിലേക്ക് വാർദ്ധക്യത്തെ കൊണ്ടുവരിക**

നമ്മുടേതായ തന്ത്രങ്ങൾ സംയോജിപ്പിച്ചുകൊണ്ട്, വയോജന പരിചരണം, സുസ്ഥിര വികസന ലക്ഷ്യങ്ങൾ, വാർദ്ധക്യവുമായി ബന്ധപ്പെട്ട വിഷയങ്ങൾ എന്നിവയിലെ മികച്ച ആഗോളമാതൃകകൾ സംസ്ഥാനത്തെ ഭരണസംവിധാനങ്ങളിലും ഭരണനയങ്ങളിലും ഉയർന്ന പരിഗണന നൽകി ഉൾപ്പെടുത്തും.

## 5. മാർഗ്ഗനിർദ്ദേശക തത്വങ്ങൾ

### 5.1. ആജീവനാന്ത (ലൈഫ്-കോഴ്സ്) സമീപനം സ്വീകരിക്കുക

ഒരു വ്യക്തിയുടെ ജീവിതത്തിലുടനീളമുള്ള ആരോഗ്യ സംരക്ഷണം, സാമ്പത്തിക സാക്ഷരത, സാമൂഹിക ഇടപെടൽ, നൈപുണ്യവികാസം തുടങ്ങിയ മേഖലകളിൽ ആവശ്യമായ ഇടപെടലുകൾ നടത്തി സജീവവും ക്രിയാത്മകവുമായ വാർദ്ധക്യ ജീവിതത്തെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കും. അന്തസ്സോടെയും സ്വാതന്ത്ര്യത്തോടെയും വാർദ്ധക്യ ജിവിതം ആസൂത്രണം ചെയ്യാനും, അതിന് തയ്യാറെടുക്കാനും കഴിയുന്ന വിധത്തിൽ ചെറുപ്പത്തിൽ തന്നെ വ്യക്തികളെ പ്രാപ്തരാക്കുന്നതിനായി പദ്ധതികൾ രൂപീകരിക്കും.

### 5.2 ആത്മ സാക്ഷാൽക്കാരവും ആജീവനാന്ത പഠനവും പ്രോത്സാഹിപ്പിക്കുക

ആജീവനാന്ത പഠന അവസരങ്ങൾ ലഭ്യമാക്കുന്നതിനും വ്യക്തിപരമായ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിനും പുതിയ കഴിവുകൾ നേടാനും സമൂഹത്തിൽ സജീവമായി ഇടപെടാനും വയോജനങ്ങളെ പ്രാപ്തരാക്കുന്നതിന് ഈ നയം ലക്ഷ്യമിടുന്നു. വാർദ്ധക്യത്തെ തളർച്ചയുടെ ഘട്ടമായിട്ടല്ല, മറിച്ച് തുടർച്ചയായ വളർച്ചയുടെയും സംഭാവനയുടെയും സ്വയം സാക്ഷൽക്കാരത്തിന്റെയും ഘട്ടമായി ഈ നയം അംഗീകരിക്കുന്നു. ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന്റെയും സമൂഹത്തിനു തുടർച്ചയായി സംഭാവനകൾ നൽകുന്നതിന്റെയും കാലഘട്ടമായി വാർദ്ധക്യം സ്വീകരിക്കപ്പെടുന്നുവെന്ന് ഈ നയം ഉറപ്പാക്കുന്നു.

### 5.3 വയോജനങ്ങളുടെ ആരോഗ്യവും ക്ഷേമവും ശക്തിപ്പെടുത്തുക

വയോജനങ്ങളുടെ പ്രത്യേകമായ ശാരീരികവും മാനസികവും വൈകാരികവുമായ ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ആരോഗ്യ സംരക്ഷണത്തിന് ഒരു സമഗ്ര സമീപനം സ്വീകരിക്കും. തുടർച്ചയായ പരിചരണം ഉറപ്പാക്കുന്നതിന് പ്രായത്തിന് അനുയോജ്യമായ ആരോഗ്യ സേവനങ്ങൾ, പ്രതിരോധ പരിശോധനകൾ, പരിചരണം, മാനസികാരോഗ്യ പിന്തുണ, സാന്ത്വനപരിചരണം എന്നിവയുടെ പ്രാപ്യത ശക്തിപ്പെടുത്തും.

### 5.4. സാമ്പത്തികവും സാമൂഹികവുമായ സുരക്ഷ ഉറപ്പാക്കുക

സാമൂഹിക-ക്ഷേമ പെൻഷനുകളും താങ്ങാവുന്ന ചെലവിലുള്ള ഇൻഷുറൻസ് പദ്ധതികളും സാർവത്രികമായി ലഭ്യമാക്കുന്നതിലൂടെ മുതിർന്നവരുടെ സാമ്പത്തികവും സാമൂഹികവുമായ സുരക്ഷ സർക്കാർ ഉറപ്പാക്കും. ആരോഗ്യസംരക്ഷണം, പാർപ്പിടം, സാമൂഹിക സഹായം തുടങ്ങിയ അവശ്യ സേവനങ്ങളുടെ തുല്യമായ ലഭ്യത ഉറപ്പാക്കുകയും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് ലക്ഷ്യബോധത്തോടുകൂടിയ ഇടപെടലുകൾ നടത്തുകയും ചെയ്യും. സാമ്പത്തിക സ്ഥിരതയും സാമൂഹിക ഉൾപ്പെടുത്തലും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കും.

### 5.5. തുല്യത, ഉൾച്ചേർക്കൽ, ലിംഗസമത്വം എന്നിവ ഉറപ്പാക്കുക

ലിംഗ സമത്വത്തിലും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളിലും പ്രത്യകം ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് വയോജനങ്ങളുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾ പരിഹരിക്കുന്നതിലൂടെ, വയോജന പരിചരണത്തിൽ

തുല്യതയും ഉൾച്ചേർക്കലും ഉറപ്പാക്കുന്നതിനുള്ള സമഗ്രമായ സമീപനം ഈ നയം സ്വീകരിക്കും. അന്ത്യോദയ തത്വത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ദുർബലരിലേക്ക് പ്രത്യേക ശ്രദ്ധ ക്രമീകരിക്കുന്നുവെന്ന് ഉറപ്പാക്കിക്കൊണ്ട് ആരോഗ്യസംരക്ഷണം, സാമൂഹിക സുരക്ഷ, അവശ്യസേവനങ്ങൾ എന്നിവ തുല്യമായി ലഭ്യമാക്കുന്നതിന് മുൻഗണ നല്കും. എല്ലാ വയോജനങ്ങൾക്കും സജീവ പങ്കാളിത്തവും അന്തസ്സും ഉറപ്പാക്കുന്നതിനായി ലിംഗസമത്വപരവും ഭിന്നശേഷിക്കാരുടെ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ളതുമായ ഇടപെടലുകൾ നടത്തും.

### 5.6. ഭിന്നശേഷി സൗഹൃദ ചട്ടക്കൂടുകൾ സംയോജിപ്പിക്കുക

ഭിന്നശേഷിക്കാരുടെ പ്രത്യേകമായ ആവശ്യങ്ങൾക്ക് മുൻഗണന നൽകി അടിസ്ഥാന സൗകര്യങ്ങൾ, സഹായക സാങ്കേതിക വിദ്യകൾ, അനുയോജ്യമായ പരിചരണ സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കും. ഈ പ്രതിബദ്ധത സമൂഹത്തിൽ ഭിന്നശേഷിക്കാരായ വയോജനങ്ങളുടെ പൂർണ്ണ പങ്കാളിത്തവും അന്തസ്സും ഉറപ്പാക്കും.

### 5. 7. തലമുറകൾ തമ്മിലുള്ള ഐക്യദാർഢ്യം വളർത്തുക

തലമുറകൾ തമ്മിലുള്ള സഹകരണവും പരസ്പര ബഹുമാനവും പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കും. വയോജനങ്ങളെ അവരുടെ അറിവ് പങ്കിടാനും, യുവതലമുറയ്ക്ക് മാർഗനിർദേശങ്ങൾ നൽകാനും സാമൂഹികജീവിതത്തിൽ സജീവമായി പങ്കെടുക്കാനും പ്രോത്സാഹിപ്പിച്ചുകൊണ്ട് വിവിധ പ്രായവിഭാഗങ്ങളിലുള്ളവരുടെ ഐക്യദാർഢ്യത്തിനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്തും.

### 5.8. വാസസ്ഥലത്തെ വാർദ്ധക്യത്തെ പിന്തുണക്കുകയും സമഗ്രപരിചരണ സംവിധാനങ്ങൾ നടപ്പിലാക്കുകയും ചെയ്യുക

ഗാർഹിക, സാമൂഹ്യാധിഷ്ഠിത പരിചരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെ മുതിർന്നവർക്ക് അവരവരുടെ വാസസ്ഥലത്തു തന്നെ വാർദ്ധക്യകാലം സന്തോഷത്തോടെ കഴിയുന്നതിനുള്ള സാഹചര്യം പ്രോത്സാഹിപ്പിക്കും. സാമ്പത്തിക സഹായം, പരിശീലനം, പരിചരണ വിഭവങ്ങൾ എന്നിവ നൽകി വയോജനങ്ങളെ പിന്തുണക്കുമ്പോൾത്തന്നെ, സ്ഥാപനപരമായ പിന്തുണ വേണ്ടവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ബദൽ പരിചരണ സംവിധാനങ്ങളും വികസിപ്പിക്കും.

### 5.9 അവഗണനയ്ക്കും പീഡനത്തിനുമെതിരെ വിട്ടുവീഴ്ച്ചയില്ലാത്ത സമീപനം

വയോജന പീഡനം, അവഗണന, ചൂഷണം എന്നിവക്കെതിരെ കർശനമായതും. വിട്ടുവീഴ്ചയില്ലാത്തതുമായ നടപടികൾ സ്വീകരിക്കും. വയോജനങ്ങളുടെ സുരക്ഷ, അന്തസ്സ്, അവകാശങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് നിയമപരമായ പരിരക്ഷയും ശക്തമായ മേൽനോട്ട സംവിധാനങ്ങളും നടപ്പിലാക്കും.

### 5.10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുകയും സാമൂഹ്യാധിഷ്ഠിത പരിചരണം പ്രാത്സാഹിപ്പിക്കുകയും ചെയ്യുക

കൂട്ടുത്തരവാദിത്ത്വത്തിനും സാമൂഹിക ഐക്യദാർഢ്യത്തിനും ഊന്നൽ നല്കുന്ന സാമൂഹ്യാധിഷ്ഠിത പരിചരണമാതൃകകളെ വികസിപ്പിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർണായക പങ്ക് വഹിക്കും. ആസൂത്രണം, വിഭവസമാഹരണം, സേവന വിതരണം എന്നിവയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തത്തിലൂടെ എല്ലാവരെയും ഉൾക്കൊള്ളുന്നതും വയോജന സൗഹൃദവുമായ ഒരു അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് ആരോഗ്യമുള്ള വാർദ്ധക്യത്തിന്റെ ഒരു കേരള മാതൃക വികസിപ്പിക്കും. സംസ്ഥാന തലത്തിൽ ഉചിതമായ മാർഗ്ഗരേഖയും വിഭവങ്ങളും ശേഷി വികസന പരിശീലനവും നൽകി വയോജന സംബന്ധിയായ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളെ ശാക്തീകരിക്കും.

### 5.11 ഭരണത്തിലും നയങ്ങളിലും വാർദ്ധക്യ പരിഗണനകൾ മുഖ്യധാരയിലെത്തിക്കുക

വിവിധമേഖലകളിലെ നയങ്ങൾ വയോജനങ്ങളുടെ ആവശ്യങ്ങളുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പാക്കിക്കൊണ്ട് വാർദ്ധക്യ പരിഗണനകൾ എല്ലാ ഭരണചട്ടക്കൂട്ടുകളിലേക്കും ഫലപ്രദമായി സംയോജിപ്പിക്കും. സജീവവും അന്തസ്സുള്ളതുമായ വാർദ്ധക്യത്തിന് പ്രാപ്തമാക്കുന്ന അന്തരീക്ഷം സൃഷ്ടിക്കുന്നതിന് വയോജന സൗഹൃദ ബഡ്ജറ്റിംഗ്, വയോജനങ്ങളെ ഉൾക്കൊള്ളുന്ന ഗ്രാമ/നഗരാസൂത്രണം, ലക്ഷ്യബോധമുള്ള സാമൂഹിക ഇടപെടലുകൾ എന്നിവക്ക് മുൻഗണന നല്കും. സുസ്ഥിരവും സമഗ്രവുമായ വയോജന പരിപാലനം ഉറപ്പിക്കുന്നതിന് ആഗോളതലത്തിലെ മികച്ച മാതൃകകൾ സംസ്ഥാനം സ്വീകരിക്കുകയും പ്രാദേശിക തന്ത്രങ്ങളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുകയും ചെയ്യും.

### 5.12. സംയോജനം ശക്തിപ്പെടുത്തുക

വയോജന പരിചരണ സംരംഭങ്ങളുടെ സുഗമമായ ഏകോപനവും നടപ്പാക്കലും ഉറപ്പാക്കുന്നതിന് സർക്കാർ വകുപ്പുകൾക്കിടയിലുള്ള ഫലപ്രദമായ സഹകരണത്തിന് മുൻഗണന നല്കും. പുതിയ അവസരങ്ങൾ തിരിച്ചറിയുന്നതിനും സേവനവിതരണം മെച്ചപ്പെടുത്തുന്നതിനുമായി പൗരസമൂഹത്തിന്റെയും സ്വകാര്യമേഖലയുടെയും പങ്കാളിത്തം ഉൾപ്പെടെ വിവിധ പങ്കാളികളുടെ കാര്യക്ഷമമായ ഇടപെടൽ ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ കൊണ്ടുവരും.

### 5.13 ഉത്തരവാദിത്തസംവിധാനങ്ങൾ ശക്തിപ്പെടുത്തുക

നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതിയും സ്വാധീനവും ഫലപ്രാപ്തിയും വിലയിരുത്തുന്നതിനും തുടർച്ചയായ നയ പരിഷ്കരണത്തിനും ഉയർന്നുവരുന്ന ആവശ്യങ്ങൾക്കനുസൃതമായി വിവരാധിഷ്ഠിത തീരുമാനങ്ങൾ എടുക്കുന്നതിനും പ്രാപ്തമാക്കുന്ന വിധത്തിൽ സുതാര്യമായ നിരീക്ഷണം, വിലയിരുത്തൽ, ഫീഡ്ബാക്ക് എന്നിവക്ക് സുതാര്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തും

### 5.14 ഡിജിറ്റൽ ഉൾച്ചേർക്കലും സാങ്കേതിക ഉന്നമനവും പ്രോത്സാഹിപ്പിക്കുക

വയോജനങ്ങളുടെ ജീവിത ഗുണനിലവാരം ഉയർത്താൻ വയോസൗഹൃദ സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിന് ഈ നയം പ്രോത്സാഹനം നൽകും. സ്വാതന്ത്ര്യം. സാമൂഹ്യസമ്പർക്കം, അവശ്യ

സേവനങ്ങളുടെ പ്രാപ്യത, ജീവിത സൗകര്യങ്ങൾ എന്നിവ വർദ്ധിപ്പിക്കാനുതകുന്ന ഡിജിറ്റൽ സാക്ഷരത, സാങ്കേതിക പ്രാപ്യതാ ഉപാധികൾ, സഹായ ഉപകരണങ്ങൾ തുടങ്ങിയവ ലഭ്യമാക്കും. മുതിർന്നവരുടെ ആവശ്യങ്ങൾക്കനുസൃതമായി നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഗവേഷണ സ്ഥാപനങ്ങളുമായും സാങ്കേതിക സേവന ദാതാക്കളുമായുമുള്ള പങ്കാളിത്തത്തിന് സംസ്ഥാനം മുൻകൈയെടുക്കും.

**6. മുൻഗണനാമേഖലകളും പ്രവർത്തനചട്ടക്കൂടും**

**6.1 ആരോഗ്യവും ക്ഷേമവും ശക്തിപ്പെടുത്തൽ**

സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേകം ശ്രദ്ധ നൽകിക്കൊണ്ട്, മുതിർന്നവരുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾക്കനുസൃതമായി സമഗ്രവും എല്ലാവരെയും ഉൾക്കൊള്ളുന്നതും പ്രാപ്യവുമായ ആരോഗ്യ സേവനങ്ങൾക്ക് കേരള സംസ്ഥാനം മുൻഗണന നൽകും. വയോജനങ്ങൾക്കിടയിൽ ആരോഗ്യവും ക്ഷേമവും പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനം ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കും.

**1) ശാരീരിക ക്ഷമത പ്രോത്സാഹിപ്പിക്കലും രോഗപ്രതിരോധ ആരോഗ്യ പരിരക്ഷയും**

അയൽപക്ക വ്യായാമ ക്ലബ്ബുകൾ (ഫിറ്റ്നസ് സെന്റർ), വ്യായാമ ഉപകരണങ്ങളുള്ള വയോസൗഹൃദ പാർക്കുകൾ (ഓപ്പൺ എയർ ജിം), എന്നിവ സ്ഥാപിക്കുകയും സാംക്രമികേതര രോഗങ്ങൾ കുറയ്ക്കുകയും മാനസികാരോഗ്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനുള്ള ക്യാമ്പയിനുകളും സാമൂഹ്യാധിഷ്ഠിത പരിപാടികളും ആരംഭിക്കും. സാംക്രമികേതര രോഗങ്ങൾ നേരത്തേ കണ്ടെത്തുന്നതിനും തടയുന്നതിനും വേണ്ടി താങ്ങാവുന്ന ചെലവിലുള്ള പതിവായ സാംക്രമികേതര രോഗ പരിശോധന 35 വയസ്സ് മുതൽ നിർബന്ധമാക്കും. മറവിരോഗ പരിശോധന, പാർക്കിൻസൺ രോഗം മുൻകൂട്ടികണ്ടെത്തൽ, നാഡീവ്യവസ്ഥ പരിശോധന എന്നിവക്ക് സൗകര്യമൊരുക്കും.

**2) മുതിർന്നവർക്കുള്ള പ്രതിരോധ കുത്തിവെപ്പ് പദ്ധതി നടപ്പിലാക്കൽ:**

സമയോചിതമായ ഇടപെടലുകൾ മുഖേന രോഗങ്ങളിൽ നിന്ന് മുതിർന്നവരെ സംരക്ഷിക്കുന്നതിനായി 'ഐ.സി.എം.ആർ', സമാനമായ മറ്റ് ഏജൻസികളുമായും സഹകരിച്ച്, സംസ്ഥാന വ്യാപകമായി മുതിർന്നവർക്കുള്ള ഒരു പ്രതിരോധ കുത്തിവെപ്പ് പദ്ധതി വികസിപ്പിക്കും. അർഹതയുള്ള മുതിർന്ന വ്യക്തികൾക്ക് കുത്തിവെപ്പ് സൗജന്യമായി നൽകുകയും, മറ്റുള്ളവർക്ക് താങ്ങാനാവുന്ന ചെലവിൽ അത് ലഭ്യമാക്കുകയും ചെയ്യും. ബോധവൽക്കരണ പ്രചാരണ പരിപാടികൾ വഴി രോഗ പ്രതിരോധ ചികിത്സയുടെ പ്രാധാന്യം പ്രചരിപ്പിക്കും.

**3) പ്രാപ്യമാകുന്നതും എല്ലാവരെയും ഉൾച്ചേർക്കുന്നതുമായ ആരോഗ്യ പരിരക്ഷാ സേവനങ്ങൾ പരിപോഷിപ്പിക്കൽ:**

വയോജനങ്ങൾക്ക് മാത്രമായുള്ള വാർഡുകൾ, ടെലിമെഡിസിൻ സേവനങ്ങൾ എന്നിവ ഉൾപ്പെടുത്തി പൊതുജനാരോഗ്യ സൗകര്യങ്ങൾ നവീകരിക്കും. പൊതു ആശുപത്രികളിൽ മുതിർന്നവർക്കായി പ്രത്യേക ക്യൂ സംവിധാനവും ഫീസ് ഇളവുകളും ഏർപ്പെടുത്തും. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വയോജനങ്ങൾക്ക് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ എത്തുന്നതിനുള്ള ഗതാഗത സൗകര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കും. താഴ്ന്ന വരുമാനക്കാരായ മുതിർന്നവർക്കായി രോഗപ്രതിരോധം, ചികിത്സ, ദീർഘകാലപരിചരണം എന്നിവ ഉൾപ്പെടുന്ന സബ്സിഡി നിരക്കിൽ പ്രീമിയങ്ങളുള്ള പ്രത്യേക ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കും.

**4) ദീർഘകാല, സാന്ത്വന ചികിത്സാ സംവിധാനങ്ങൾ വിപുലീകരിക്കൽ:**

സംസ്ഥാന സാന്ത്വനപരിചരണ നയത്തിന് കീഴിൽ സാന്ത്വന ചികിത്സാ സേവനങ്ങൾ വിപുലീകരിക്കും. മുതിർന്നവരെ പരിചരിക്കുന്നവർക്കുള്ള സാമ്പത്തിക സഹായവും പരിശീലനവും നൽകിക്കൊണ്ട് സ്വഗൃഹങ്ങളിലും സ്വന്തം സമൂഹത്തിലും പ്രായമാകുന്നതിനെ പിന്തുണക്കുന്നതിനായി സമഗ്രമായ ഗൃഹാധിഷ്ഠിത പരിചരണ മാതൃകകൾ വികസിപ്പിക്കും. സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും താലൂക്ക് ജനറൽ ആശുപത്രികളിലും വയോജനങ്ങൾക്ക് കാരുണ്യപൂർവ്വമായ ജീവിതാന്ത്യ പരിചരണം ഉറപ്പാക്കാൻ അഭയ കേന്ദ്രങ്ങൾ സ്ഥാപിക്കും. പാലിയേറ്റിവ് മേഖലകളിലെ സന്നദ്ധപ്രവർത്തകരെ ഏകോപിപ്പിച്ച് വരുമാനപരിധി കണക്കിലെടുക്കാതെ എല്ലാവർക്കും ആവശ്യമായ പാലിയേറ്റിവ് പരിചരണം ലഭ്യമാക്കും. പ്രാഥമിക, ദ്വിതീയ തലങ്ങളിലെ പാലിയേറ്റിവ് പരിചരണ പ്രവർത്തനങ്ങൾക്കായി സാമൂഹികാധിഷ്ഠിത ആരോഗ്യ പരിചരണ ശൃംഖലയായി കേരള പാലീയേറ്റീവ് ഗ്രിഡ് ശക്തമാക്കും. സാർവത്രിക പാലിയേറ്റിവ് പരിചരണപദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സന്നദ്ധപ്രവർത്തകരുടെ ഏകോപന ചുമതല നല്കും. പാലിയേറ്റിവ് സംഘടനകളുടെയും ,സന്നദ്ധ സംഘടനകളുടെയും പിന്തുണ ഇതിനായി ഉറപ്പാക്കും. സന്നദ്ധപ്രവർത്തകർക്കും, സന്നദ്ധ സംഘടനകൾക്കും തുടർച്ചയായ പരിശീലന പദ്ധതി ഒരുക്കും.

ഗ്രന്ഥശാല ശൃംഖലയെ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിലെ സാധ്യതകൾ ആരായുകയും ഹ്യൂമൻ ലൈബ്രറി സങ്കല്പനം സാന്ത്വനചികിത്സയിൽ ഉപയോഗപ്പെടുത്തുന്നത് ആലോചിക്കുകയും യുവതയെ പാലിയേറ്റിവ് പരിചരണങ്ങളിൽ പങ്കാളികളാകാൻ പ്രചോദിപ്പിക്കുന്ന വിധത്തിൽ, വികസിതരാഷ്ട്രങ്ങളിലെ ടൈം ബാങ്ക് സങ്കല്പനം നമ്മുടെ സാഹചര്യത്തിൽ വികസിപ്പിക്കുകയും ചെയ്യും.

**5) മാനസികവും ബൗദ്ധികവുമായ ആരോഗ്യ ഉദ്യമങ്ങൾ ശക്തിപ്പെടുത്തൽ:**

വിഷാദം, മറവി, ഏകാന്തത തുടങ്ങിയ മാനസികാരോഗ്യ വെല്ലുവിളികൾക്കുള്ള ചികിത്സാ പരിപാടികൾ വികസിപ്പിക്കും. ഓർമ്മയ്ക്കുള്ള ചികിത്സാ കേന്ദ്രങ്ങൾ (മെമ്മറി ക്ലിനിക്കുകൾ), മസ്തിഷ്ക വ്യായാമങ്ങൾ, പരിചരണം നൽകുന്നവർക്കുള്ള പരിശീലനം എന്നിവ ഇതിൽ ഉൾപ്പെടും. സാമൂഹ്യാധിഷ്ഠിത മാതൃകകളിലൂടെ സാമൂഹികമായ ഒറ്റപ്പെടലിനും അവഗണനയ്ക്കും പരിഹാരമുണ്ടാക്കുകയും, മാനസികാരോഗ്യം വർദ്ധിപ്പിക്കുന്നതിനും മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുമുള്ള ആരോഗ്യ ഉദ്യമങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

**6) ആയുഷിലൂടെ സമഗ്രമായ ആരോഗ്യ സമീപനങ്ങൾ സംയോജിപ്പിക്കൽ:**

സമഗ്രമായ ആരോഗ്യ സേവനങ്ങൾ നൽകുന്നതിനായി 'ആയുഷ്' സേവനങ്ങളെ മുഖ്യധാരാ ആരോഗ്യ പരിരക്ഷാ സംവിധാനവുമായി സംയോജിപ്പിക്കും. 'ആയുഷ്' ചികിത്സകർക്ക് വയോജന പരിചരണത്തിൽ പ്രത്യേക പരിശീലനം നൽകും, 'ആയുഷ്' ചികിത്സകളുടെ പ്രയോജനങ്ങൾ വയോജനങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രചാരണ പരിപാടികൾ വഴി പ്രോത്സാഹിപ്പിക്കും.

**7) വാർദ്ധക്യകാല രോഗചികിത്സാപഠനവും (ജറിയാട്രിക്സ്) ആരോഗ്യ സംരക്ഷണ പരിശീലനവും പ്രോത്സാഹിപ്പിക്കൽ:**

'ആയുഷ്' ഉൾപ്പെടെയുള്ള എല്ലാ മെഡിക്കൽ പാഠ്യപദ്ധതികളിലും വാർദ്ധക്യ കാല ചികിത്സ (ജറിയാട്രിക് സ്പെഷ്യലൈസേഷൻ) ഉൾപ്പെടുത്തും. സർക്കാർ സേവനത്തിലുള്ള ആരോഗ്യ പ്രവർത്തകർക്ക് വാർദ്ധക്യകാല ചികിത്സയിൽ നിർബന്ധിത പരിശീലനം നൽകും. താലൂക്ക് ജില്ലാ ആശുപത്രികളിൽ പ്രത്യേക വാർദ്ധക്യകാല രോഗചികിത്സാ വിദഗ്ധരെ നിയമിക്കും. മുതിർന്നവരുടെ പ്രത്യേക ആരോഗ്യ ആവശ്യങ്ങൾ ഫലപ്രദമായി പരിഹരിക്കുന്നതിന് പി.എച്ച്. സി കളിലെയും സി.എച്ച്. സി കളിലെയും ആരോഗ്യ സേവനദാതാക്കളെ വയോജന പരിചരണത്തിൽ പരിശീലനം നൽകി സജ്ജരാക്കും.

**8) ഡിജിറ്റൽ ഹെൽത്ത്, ഇ–ഹെൽത്ത് സംവിധാനങ്ങൾ പ്രയോജനപ്പെടുത്തൽ:**

മുതിർന്നവരുടെ ചികിത്സാനാൾവഴികൾ കണ്ടുപിടിക്കുന്നതിനും, പരിചരണ പദ്ധതികൾ വ്യക്തിഗതമാക്കുന്നതിനും സാംക്രമികവും സാംക്രമികേതരവുമായ രോഗങ്ങളുടെ ഫലപ്രദമായ നിരീക്ഷണം ഉറപ്പാക്കുന്നതിനും ആരോഗ്യ തിരിച്ചറിയൽ കാർഡും (ഹെൽത്ത് ഐഡി) ഇ– ഹെൽത്ത് സംവിധാനവും ശക്തിപ്പെടുത്തും.

**9) നൂതന ആരോഗ്യപരിരക്ഷാ പ്രതിവിധികളുടെ സംയോജനം:**

വയോജനങ്ങളുടെ. പ്രത്യേകിച്ച് ഗ്രാമീണരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ മുതിർന്ന വ്യക്തികളുടെ ജീവിതനിലവാരവും ആരോഗ്യ സേവന ലഭ്യതയും മെച്ചപ്പെടുത്തുന്നതിന് വൈദ്യ സംബന്ധമായ ഉപകരണങ്ങളുടെയും സാങ്കേതികവിദ്യയുടെയും പുരോഗതി പ്രയോജനപ്പെടുത്തും. പരസഹായമില്ലാതെ ജീവിക്കുന്നതിനും വാർദ്ധക്യസഹജമായ രോഗാവസ്ഥകൾ സ്വയം കൈകാര്യം ചെയ്യുന്നതിനും ഉതകുന്ന വിധം, ടെലി മെഡിസിൻ, ദേഹത്ത് ധരിക്കാവുന്ന ആരോഗ്യ നിരീക്ഷണ ഉപകരണങ്ങൾ, സഹായക സാങ്കേതിക വിദ്യകൾ തുടങ്ങിയ നൂതന ആരോഗ്യ സംരക്ഷണ മാർഗങ്ങൾ വയോജനങ്ങൾക്ക് ലഭ്യമാക്കും. വയോധികരായ സ്ത്രീകൾ, ഭിന്നശേഷിക്കാർ, വിദൂര പ്രദേശങ്ങളിൽ താമസിക്കുന്നവർ, എന്നിവരുടെ പ്രത്യേക ആരോഗ്യപ്രശ്നങ്ങളും ഗതാഗത ആവശ്യങ്ങളും പരിഹരിക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ അവർക്ക് താങ്ങാനാവുന്ന വിധത്തിൽ ലഭ്യമാക്കും.

### 6.2 സമഗ്രവും ഉൾച്ചേർന്നതുമായ പരിചരണ സംവിധാനങ്ങൾ സ്ഥാപിക്കൽ

മുതിർന്നവരെ പരിചരിക്കുന്നവരുടെ സാമ്പത്തികവും വൈകാരികവുമായ ഭാരം കുറയുന്നതിനൊപ്പം, മുതിർന്നവർക്കുള്ള പിന്തുണ ഉറപ്പാക്കുന്ന സമഗ്രവും എല്ലാവരെയും ഉൾച്ചേർക്കുന്നതുമായ ഒരു പരിചരണ സംവിധാനം ഏർപ്പെടുത്തും. പ്രായമാകുന്നവർക്ക് സ്വന്തം വീടുകളിൽത്തന്നെ പരിചരണം ലഭിക്കുന്നതിനായി കുടുംബാധിഷ്ഠിത വിദഗ്ധ പരിചരണ പദ്ധതികൾ, ദരിദ്രരായ മുതിർന്നവർക്കുള്ള പ്രത്യേക പദ്ധതികൾ, ബദൽ പരിചരണ മാർഗ്ഗങ്ങൾ എന്നിവ ആരംഭിക്കും. അതിനുള്ള പ്രധാന നടപടികൾ താഴെപ്പറയുന്നു.

**1) സാമൂഹ്യാധിഷ്ഠിത പരിചരണ ശൃംഖലകളുടെ ശാക്തീകരണം:**

പ്രായമായവർക്ക് അവരുടെ സ്വന്തം വീടുകളിൽ തന്നെ തുടർന്നും സ്വാതന്ത്ര്യത്തോടെ ജീവിക്കാൻ സഹായിക്കുന്നതിന് സാമൂഹ്യാധിഷ്ഠിത പരിചരണ സേവനങ്ങൾ ശക്തിപ്പെടുത്തും. സന്നദ്ധസേവന പ്രവർത്തകർ നയിക്കുന്ന പിന്തുണാ സംവിധാനങ്ങൾ വളർത്തിയെടുക്കുന്നതിനും മുതിർന്നവർ തമ്മിലുള്ള സൗഹൃദം ശക്തിപ്പെടുത്തുന്നതിലും സാമൂഹികമായ ഒറ്റപ്പെടൽ പരിഹരിക്കുന്നതിലും കുടുംബശ്രീ അയൽക്കൂട്ട ശൃംഖലകൾ നിർണായക പങ്കുവഹിക്കും. പൊതുജന ബോധവൽക്കരണ പരിപാടികൾ വഴി പ്രായമായവരെ വീടുകളിൽത്തന്നെ പരിപാലിക്കുന്നത് പ്രോത്സാഹിപ്പിക്കും. വയോജന പരിചരണമാർഗ്ഗങ്ങളെക്കുറിച്ച് കുടുംബങ്ങളെ ബോധവൽക്കരിക്കുകയും സേവനം ഉറപ്പാക്കുകയും ചെയ്യും. പ്രത്യേക ഇടപെടലുകൾ ആവശ്യമുള്ള വയോജനങ്ങളുടെ സമഗ്രമായ വിവരശേഖരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി തയ്യാറാക്കുകയും ഈ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ സേവനങ്ങൾ കാര്യക്ഷമമായി നൽകുന്നതിനും നടപടികൾ സ്വീകരിക്കും.

**2) മുതിർന്നവരെ പരിചരിക്കുന്നവർക്ക് പരിശീലനവും സർട്ടിഫിക്കറ്റും നൽകൽ:**

മുതിർന്നവർക്ക് പരിചരണം നൽകുന്ന കുടുംബാംഗങ്ങൾക്കും മറ്റുള്ളവർക്കും അണുബാധ നിയന്ത്രണം, ഗുരുതര രോഗാവസ്ഥ കൈകാര്യം ചെയ്യൽ എന്നിവയുൾപ്പെടെയുള്ള വിഷയങ്ങളിൽ വൈദഗ്ധ്യം നൽകുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കും. കേരള ആരോഗ്യ സർവ്വകലാശാലയുടെ പിന്തുണയോടെ വയോജനാധിഷ്ഠിത പരിചരണ പാഠ്യപദ്ധതികൾക്ക് ഏകീകൃത വ്യവസ്ഥയുണ്ടാക്കും. ഓരോ വാർഡിലും കുറഞ്ഞത് രണ്ട് സന്നദ്ധ പ്രവർത്തകർക്ക് വയോജന പരിചരണത്തിൽ പരിശീലനം നൽകുകയും സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യും.

**3) പരിചരണം നൽകുന്നവർക്ക് കരുതലും പിന്തുണയും:**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും അംഗീകൃത പങ്കാളികളുമായും സഹകരിച്ച്, പരാശ്രയം കൂടാതെ ജിവിക്കാനാകാത്ത മുതിർന്നപൗരന്മാർക്ക് താൽക്കാലിക പരിചരണം നൽകുന്നതിനായി സംസ്ഥാന-ജില്ലാതലങ്ങളിൽ താൽക്കാലിക വിശ്രമകേന്ദ്രങ്ങളും (റെസ്പൈറ്റ് കെയർ ഹോമുകൾ) ബ്ലോക്ക് തലത്തിൽ താൽക്കാലിക പരിചരണ കേന്ദ്രങ്ങളും (ഷോർട്ട് സ്റ്റേ ഹോം) സ്ഥാപിക്കും. കിടപ്പുരോഗികൾ ഉൾപ്പെടെ

ആശ്രയത്വം കൂടുതലായി വേണ്ടിവരുന്ന വയോജനങ്ങളെ നിരന്തരം പരിചരിക്കേണ്ടിവരുമ്പോൾ പരിചരണം നൽകുന്ന വ്യക്തികളുടെ ക്ഷീണവും മടുപ്പും മാറ്റുന്നതിനും അവർക്ക് താൽക്കാലിക ആശ്വാസവും വിശ്രമവും ലഭ്യമാക്കുന്നതിനും കിടപ്പുരോഗികളെ താൽക്കാലിക പരിചരണ കേന്ദ്രങ്ങളിൽ പ്രവേശിപ്പിക്കുന്നതിലൂടെ സാധിക്കും. മുതിർന്നവരെ പ്രതിഫലമില്ലാതെ പരിചരിക്കുന്നവരുടെ ക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിനു സാമ്പത്തിക സഹായം, മാനസികാരോഗ്യ പിന്തുണ, ക്ഷേമനിധി ബോർഡ് അംഗത്വം എന്നിവ ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കും.

**4) പരിചരണകേന്ദ്രങ്ങൾക്കുള്ള മാനദണ്ഡങ്ങൾ, സാമൂഹ്യ പരിശോധനകൾ, എല്ലാവരെയും ഉൾച്ചേർക്കുന്ന പ്രവേശന നയങ്ങൾ:**

ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളോ ഭിന്നശേഷിയോ ഉള്ള മുതിർന്നവർക്കും പ്രവേശനം ഉറപ്പാക്കും വിധം എല്ലാ സർക്കാർ, സ്വകാര്യപരിചരണ കേന്ദ്രങ്ങൾക്കും ശുചിത്വം, സുരക്ഷ, സേവന നിലവാരം, പ്രവേശന രീതികൾ എന്നിവക്ക് കൃത്യമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തും. ഈ മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന്, പ്രത്യേകിച്ച് സർക്കാർ ഗ്രാന്റുകൾ സ്വീകരിക്കുന്ന കേന്ദ്രങ്ങളിൽ, പതിവായി "സോഷ്യൽ ഓഡിറ്റുകൾ" നടത്തും. ഇത്തരം കേന്ദ്രങ്ങളിൽ മുതിർന്നവർക്കെതിരെ അതിക്രമവും അവഗണനയും ഉണ്ടാവുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് നിരീക്ഷണ സംവിധാനം ശക്തമാക്കും. അതിക്രമങ്ങൾ കണ്ടെത്താനും തടയാനും പരിശീലനം ലഭിച്ച ജീവനക്കാരെയും പരിചാരകരെയും നിയോഗിക്കും. വിവിധ പരിചരണ ആവശ്യകതകൾ ഫലപ്രദമായി നിറവേറ്റുന്നതിനുള്ള സൗകര്യ ശേഷി ഉറപ്പാക്കുന്നതിന് പരിചരണകേന്ദ്രങ്ങൾക്ക് നിർബന്ധിത രജിസ്ട്രേഷൻ, ആനുകാലിക വിലയിരുത്തലുകൾ, ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ എന്നീ പ്രവർത്തനങ്ങൾക്ക് സാമൂഹ്യനീതി വകുപ്പ് മേൽനോട്ടം വഹിക്കും.

**5) വാർദ്ധക്യകാല രോഗപരിചരണ മൊഡ്യൂളുകൾ സംയോജിപ്പിക്കൽ:**

മറവിരോഗം, വിട്ടുമാറാത്ത രോഗങ്ങൾ, ജീവിതാന്ത്യ പരിചരണം എന്നിവ വാർദ്ധക്യകാല രോഗ പഠന – പരിചരണ മൊഡ്യൂളുകളിൽ ഉൾപ്പെടുത്തും. കേരള ആരോഗ്യ സർവ്വകലാശാലയുമായും മറ്റ് അക്കാദമിക് സ്ഥാപനങ്ങളുമായും സഹകരിച്ച് ആരോഗ്യ പ്രവർത്തകർക്ക് തെളിവുകളെ അടിസ്ഥാനമാക്കിയുള്ള പ്രാക്ടീസും സേവനകാല പരിശീലനവും നൽകും.

**6) സാമൂഹിക പരിചരണ കേന്ദ്രങ്ങൾ:**

പകൽവീട്, വയോ ക്ലബ്ബുകൾ തുടങ്ങിയ സാമൂഹിക പരിചരണ കേന്ദ്രങ്ങൾ പകൽസമയ പരിചരണം, വിനോദപ്രവർത്തനങ്ങൾ, വിദഗ്ധപരിചരണം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കും. ഈ കേന്ദ്രങ്ങളിൽ നഴ്സിംഗ് സഹായികളുടെയും അംഗീകൃത പരിചരണ ദാതാക്കളുടെയും സേവനം ലഭ്യമാക്കി ഉയർന്ന നിലവാരമുള്ളതും എന്നാൽ സാമ്പത്തിക ഭാരം കുറഞ്ഞതുമായ സേവനങ്ങൾ ഉറപ്പാക്കും.

### 6.3 മുതിർന്നവർക്കുള്ള സാമ്പത്തിക സുരക്ഷയയും അവശ്യ സേവനങ്ങളുടെ ലഭ്യതയും പ്രാപ്യതയും

അസംഘടിത മേഖലകളിൽ നിന്നുള്ള വിരമിക്കൽ, പെൻഷൻ ആനുകൂല്യങ്ങളുടെ അഭാവം, തൊഴിലില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ വരുമാനമില്ലാത്ത മുതിർന്നവരുടെ സാമ്പത്തിക ഭദ്രതയ്ക്കും അവശ്യ സേവന ലഭ്യതയ്ക്കും മുൻഗണന നൽകും. സാമൂഹികക്ഷേമ പെൻഷനുകൾ മുതിർന്നവരുടെ അവകാശമായി കണക്കാക്കി, അന്തസ്സും സാമ്പത്തികസ്ഥിരതയും ഉറപ്പാക്കും. ഇതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കും:

**1) സാമൂഹിക, ക്ഷേമ പെൻഷനുകൾ എല്ലാവർക്കും ലഭ്യമാക്കൽ:**

മുതിർന്നവരുടെ സാമ്പത്തികസ്ഥിരതയും വാങ്ങൽ ശേഷിയും സംരക്ഷിക്കുന്നതിന്, സമയബന്ധിതവും പര്യാപ്തവും പണപ്പെരുപ്പ് നിരക്കനുസരിച്ച് കാലാകാലങ്ങളിൽ പുതുക്കുന്നതുമായ ആനുകൂല്യങ്ങൾ നൽകിക്കൊണ്ട് അർഹരായ എല്ലാ മുതിർന്നപൗരൻമാർക്കും സാമൂഹിക, ക്ഷേമപെൻഷനുകൾ ലഭിക്കുന്നുവെന്ന് ഉറപ്പാക്കും.

**2) പൊതുസേവനങ്ങൾ ലഭിക്കുന്നതിന് മുതിർന്നവർക്കുള്ള മുൻഗണന:**

വയോജന സൗഹൃദമായ സേവന വിതരണ സംവിധാനങ്ങൾ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും നടപ്പിലാക്കിക്കൊണ്ട് എല്ലാ പൊതുസേവനങ്ങളിലും മുതിർന്നവർക്ക് മുൻഗണന ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കും. മുതിർന്നവർക്ക് സുഗമവും മാന്യവുമായ സേവന ലഭ്യത ഉറപ്പാക്കുന്നതിന് സർക്കാർ പൊതുജനസേവന ഓഫീസുകളിൽ അനുയോജ്യമായ സംവിധാനങ്ങൾ നിർബന്ധമാക്കും.

**3) ക്ഷേമപദ്ധതികളിൽ അംഗത്വം:**

അനൗപചാരിക മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ ക്ഷേമനിധി ബോർഡുകളിൽ ചേരാൻ പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളിലൂടെ എല്ലാ തൊഴിലാളികൾക്കും സാമൂഹിക സുരക്ഷാ പദ്ധതികളിൽ അംഗത്വം നടപ്പിലാക്കും. സമഗ്രമായ പരിരക്ഷയും തുല്യമായ ആനുകൂല്യങ്ങളും ഉറപ്പാക്കുന്നതിന് നിലവിലുള്ള ക്ഷേമനിധി ബോർഡുകൾ പുന: ക്രമീകരിക്കും.

**4) അനൗപചാരിക മേഖലയിലെ തൊഴിലാളികൾക്ക് താങ്ങാനാവുന്ന ഇൻഷുറൻസ്**

ലളിതമായ നടപടിക്രമങ്ങളിലൂടെയും സബ്സിഡി നിരക്കിലുള്ള പ്രിമിയങ്ങളിലൂടെയും അനൗപചാരിക മേഖലയിലെ മുതിർന്നവർക്കായി സാമ്പത്തിക ഭാരം കുറഞ്ഞ ഇൻഷുറൻസ് പദ്ധതികൾ ഏർപ്പെടുത്തും. ഇത് അത്യാഹിതങ്ങളിലും അപ്രതീക്ഷിത സാഹചര്യങ്ങളിലുംപെടുന്ന വ്യക്തികൾക്ക് സാമ്പത്തിക പരിരക്ഷ ഉറപ്പാക്കും.

**5) വയോധികർക്കായി റിവേഴ്സ് മോർട്ട്ഗേജ് പദ്ധതികളെ പ്രോത്സാഹിപ്പിക്കൽ**

മുതിർന്ന വ്യക്തികൾക്ക് ലളിതമായ നടപടിക്രമങ്ങളിലൂടെ കുറഞ്ഞ ഫീസ് ഈടാക്കി അവരുടെ വീടിന്റെ ഓഹരി പണമാക്കി മാറ്റാനുള്ള "റിവേഴ്സ് മോർട്ട്ഗേജ് പദ്ധതി" സഹകരണ ബാങ്കുകളിലൂടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങൾ വഴിയും വ്യാപിപ്പിക്കും.

**6) ശമ്പളമില്ലാതെ മുതിർന്നവരെ പരിചരിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകൽ.**

വയോജനങ്ങളെ പ്രത്യേകിച്ച് താഴ്ന്ന വരുമാനമുള്ള കുടുംബങ്ങളിലെ മുതിർന്നവരെ പ്രതിഫലമില്ലാതെ പരിചരിക്കുന്ന വ്യക്തികൾക്ക് സഹായ പദ്ധതികൾ ഏർപ്പെടുത്തും. ഈ പദ്ധതികളിൽ സാമ്പത്തിക സഹായം, മാനസികാരോഗ്യ പിന്തുണ, നൈപുണ്യ വികസനം, ജീവനോപാധി പരിശീലനം എന്നിവ ഉൾപ്പെടുത്തും.

**7) അവശ്യസേവനങ്ങളുടെ വാതിൽപ്പടി വിതരണം:**

മുതിർന്നവർ, പ്രത്യേകിച്ച് സഞ്ചാര പരിമിതികളുള്ളവരും വിദൂര പ്രദേശങ്ങളിൽ താമസിക്കുന്നവരുമായ വയോജനങ്ങൾക്ക് അവശ്യ സേവനങ്ങൾ യഥാസമയം എത്തിക്കുന്നതിനായി സുസംഘടിതമായ ഒരു "വാതിൽപ്പടി സേവന വിതരണ സംവിധാനം" തദ്ദേശസ്ഥാപനങ്ങൾ വഴി നടപ്പിലാക്കും. കിടപ്പുരോഗികൾ, ഭിന്നശേഷിക്കാർ, ദൈനംദിന ജീവിത പ്രവർത്തന പരിമിതിയുള്ളവർ എന്നിവരുൾപ്പെടെ ദുർബലരായ ജനവിഭാഗങ്ങളെ കണ്ടെത്തുന്നതിനും അവർക്ക് മുൻഗണന നൽകുന്നതിനുമായി സമഗ്രമായ 'മാപ്പിംഗും, ജിയോ ടാഗിംഗ് 'സംവിധാനവും നടപ്പിലാക്കും. സാമൂഹിക സുരക്ഷാ പെൻഷനുകൾ, മരുന്നുകൾ, മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റുകൾ, പൊതുവിതരണ സംവിധാനം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി പോലെയുള്ള പദ്ധതികൾക്ക് കീഴിലുള്ള ആനുകല്യങ്ങൾ തുടങ്ങിയ അവശ്യ സേവനങ്ങൾ മുതിർന്നവരുടെ വീട്ടുവാതിൽക്കൽ എത്തിക്കും. കാര്യക്ഷമതയും ഉൾക്കൊള്ളലും ഉറപ്പാക്കി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി സംയോജിത സേവന മാതൃകകളിലൂടെ, പ്രത്യേകിച്ച് ഗ്രാമീണ, ആദിവാസി മേഖലകളിൽ വാതിൽപ്പടി സേവന സംവിധാനം ശക്തിപ്പെടുത്തുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കും.

**6.4 വയോജനങ്ങൾക്ക് സൗകര്യപ്രദമായ ഭൗതിക രൂപകൽപ്പനകൾ**

മുതിർന്നവരുടെ സഞ്ചാരക്ഷമത, പാർപ്പിടം, പൊതുയിടങ്ങൾ എന്നിവ മെച്ചപ്പെടുത്തുകയും അവിടങ്ങളിലെ സൗകര്യ – സംവിധാനങ്ങളെല്ലാം തടസ്സരഹിതവും (Barrier free) വയോജന സൗഹൃദമാക്കുകയും ചെയ്ത്, എല്ലാവരെയും ഉൾക്കൊള്ളുന്ന വയോജന സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് മുൻഗണന നൽകും. 'സാർവത്രിക നിർമ്മാണ രൂപകൽപ്പനാതത്വങ്ങൾ' (യൂണിവേഴ്സൽ ഡിസൈൻ) അനുയോജ്യമായ നഗരാസൂത്രണം, ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ എന്നിവയിലൂടെയാകും വയോജന സൗഹൃദ സംസ്ഥാനം എന്ന നേട്ടം കൈവരിക്കുക.

ഇതിനായി താഴെപ്പറയുന്ന പ്രവർത്തന തന്ത്രങ്ങൾ സ്വീകരിക്കും.

**1) മുതിർന്നവരെ ഉൾച്ചേർക്കുന്ന പൊതു ഗതാഗത സംവിധാനവും സഞ്ചാരക്ഷമതയും മെച്ചപ്പെടുത്തൽ:**

ഉയരം കുറഞ്ഞ ചവിട്ടു പടികൾ ഉള്ള “ലോ ഫ്ലോർ" വാഹനങ്ങൾ, മുതിർന്ന വ്യക്തികൾക്ക് ഇരിപ്പിടങ്ങൾക്ക് മുൻഗണന, എളുപ്പത്തിൽ ടിക്കറ്റ് എടുക്കുവാനുള്ള സംവിധാനങ്ങൾ, ദൃശ്യശ്രാവ്യ അറിയിപ്പുകൾ തുടങ്ങിയ സൗകര്യങ്ങൾ ഉൾപ്പെടുത്തി പൊതുഗതാഗത സംവിധാനങ്ങൾ നവീകരിക്കും. വയോജന സൗഹൃദ സർക്കുലർ ബസ്സ് സർവീസുകൾ വഴി ആരോഗ്യ കേന്ദ്രങ്ങളെയും വാണിജ്യ കേന്ദ്രങ്ങൾ പോലെയുള്ള അവശ്യ സ്ഥലങ്ങളെയും തമ്മിൽബന്ധിപ്പിക്കും. പൊതു ഗതാഗതത്തിനു പുറമെ ചെറുയാത്രകൾക്കും വിനോദ യാത്രകൾക്കും വിശ്വസനീയമായ തരത്തിലുള്ള സഞ്ചാര മാർഗ്ഗങ്ങൾ മുതിർന്നവർക്ക് ലഭ്യമാക്കുന്നതിനായി, സന്നദ്ധ ഗ്രൂപ്പുകളുടെ വാഹന പൂളിംഗ് ശൃംഖലകൾക്ക് പ്രോത്സാഹനം നൽകും.

**2) ഭവനനിർമ്മാണത്തിലും പൊതു ഇടങ്ങളിലും വയോജന സൗഹൃദ നിർമ്മാണ രൂപകൽപ്പനകളുടെ പ്രോത്സാഹനം:**

റാമ്പുകൾ, വീതിയേറിയ വാതിലുകൾ, തെന്നി വീഴാത്ത തറ, മതിയായ വെളിച്ചം തുടങ്ങിയ പ്രവേശനക്ഷമതയും സുരക്ഷാ സവിശേഷതകളും ഉറപ്പാക്കുന്ന സാർവ്വത്രിക നിർമ്മാണ രൂപകൽപ്പനാ മാനദണ്ഡങ്ങൾ എല്ലാ പുതിയ ഭവന പദ്ധതികൾക്കും പൊതു കെട്ടിടങ്ങൾക്കും മുതിർന്നവർക്കുള്ള പരിചരണ കേന്ദ്രങ്ങൾക്കും നിർബന്ധിതമാണെന്ന് പ്രഖ്യാപിക്കുകയും നിയമപരമായി നിർബന്ധമാക്കുകയും ചെയ്യും. വിജ്ഞാപനം ചെയ്ത സാർവത്രിക നിർമ്മാണ രൂപകൽപ്പന മാനദണ്ഡങ്ങൾക്കനുസരിച്ച് നിലവിലുള്ള പൊതു കെട്ടിടങ്ങളുടെയും പൊതു ഇടങ്ങളുടെയും നവീകരണം ഘട്ടം ഘട്ടമായി നിർബന്ധമാക്കും. അതുവഴി വയോധികർക്ക് മെച്ചപ്പെട്ട പ്രവേശന സൗകര്യവും അവരെ ഉൾക്കൊള്ളുന്നതുമായ അടിസ്ഥാന സൗകര്യ വികസനവും ഉറപ്പാക്കും. പുതുതായി നിർമിക്കുന്ന മൂന്നിലധികം കിടപ്പുമുറികളുള്ള വീടുകളിൽ കുറഞ്ഞത് ഒരു വയോജന സൗഹൃദ കിടപ്പുമുറിയും കുളിമുറിയും ഉറപ്പാക്കാൻ നിയമനിർമ്മാണം നടത്തും. വാർധക്യകാലത്ത് സ്നേഹാലയങ്ങളെ ആശ്രയിക്കാതെ സ്വന്തം വീടുകളിൽത്തന്നെ താമസിക്കുന്നതിന് സഹായകമാകത്തക്ക വിധം പ്രായമായവർ വീഴാതെ സംരക്ഷിക്കുന്നതിനുള്ള സംവിധാനങ്ങളും മറ്റും ഒരുക്കുന്നതിന് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സബ്സിഡിയോടെ ഭവന നവീകരണ പദ്ധതികൾ ഏർപ്പെടുത്തുകയും ചെയ്യും.

**3) വയോജന സൗഹൃദ ഇടങ്ങളും സാസ്കാരിക സാമൂഹ്യ കേന്ദ്രങ്ങളും വികസിപ്പിക്കൽ:**

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സായംപ്രഭ ഹോമുകൾ സ്ഥാപിക്കും. വാർഡ് തലത്തിൽ രൂപികരിക്കുന്ന വയോ ക്ലബുകൾ, വിനോദ, സാമൂഹിക, സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള കേന്ദ്രങ്ങളായി പ്രവർത്തിക്കും. ഇത് മുതിർന്നവരുടെ ഇടയിൽ ഒറ്റപ്പെടൽ കുറയ്ക്കും. പൊതു പാർക്കുകൾ, ഗ്രന്ഥശാലകൾ, സാമൂഹ്യകേന്ദ്രങ്ങൾ എന്നിവ വയോജന സൗഹൃദ ഇരിപ്പിടങ്ങൾ, സുരക്ഷിതമായ കാൽനടപ്പാതകൾ, വ്യായാമ ഉപകരണങ്ങൾ എന്നിവ ഉൾപ്പെടുത്തി പ്രായമായവർക്ക് അനുയോജ്യമായ നിർമ്മാണ രൂപകൽപ്പനകൾ ഉപയോഗിച്ച് നവീകരിക്കും. ജനസാന്ദ്രത കൂടുതലുള്ള ആദിവാസി, തോട്ടം തൊഴിലാളി, മത്സ്യത്തൊഴിലാളി മേഖലകളിൽ പ്രത്യേക വയോജന സൗഹൃദ പൊതു ഇടങ്ങൾ വികസിപ്പിക്കും.

**4) വയോജന സൗഹൃദ അടിസ്ഥാനസൗകര്യ വികസനം മെച്ചപ്പെടുത്തൽ:**

മുതിർന്നവർക്ക് അനുയോജ്യമായ പൊതുയിടങ്ങൾ, അപകടരഹിതമായ ചുറ്റുപാടുകൾ, അവശ്യ സഹായ ഉപകരണങ്ങൾ സഹിതമുള്ള ഇരിപ്പിടങ്ങൾ, നടപ്പാതകൾ, എന്നിവക്ക് മുൻഗണന നൽകി അടിസ്ഥാന സൗകര്യവികസനത്തിലും ആസൂത്രണത്തിലും ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി വയോജന സൗഹൃദ തത്വങ്ങൾ സ്വീകരിക്കും. പൊതു കെട്ടിടങ്ങളുടെയും സ്ഥലങ്ങളുടെയും സോഷ്യൽ ഓഡിറ്റുകൾ നടത്തുകയും സുരക്ഷ, ശുചിത്വം, സൗകര്യങ്ങൾ എന്നിവയുടെ മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യും. മുതിർന്നവരുടെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്തു കൊണ്ടായിരിക്കും പരിഷ്കാര പദ്ധതികൾ നടപ്പിലാക്കുക.

**5) ഡിജിറ്റൽ സൗകര്യ ലഭ്യതയും സാമൂഹ്യ ഉൾച്ചേർക്കലും:**

ഡിജിറ്റൽ സാക്ഷരതാ പരിപാടികൾ വഴി മുതിർന്നവർക്ക് ആത്മവിശ്വാസത്തോടെ ഓൺലൈൻ ഇടപാടുകൾ നടത്തുന്നതിനും ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിലും ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴിയുള്ള സാമൂഹിക ബന്ധത്തിലും അവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും വൈദഗ്ധ്യം നൽകും.

**6) മുതിർന്നവരെ ഉൾച്ചേർത്തുകൊണ്ടുള്ള വിനോദ സഞ്ചാര മേഖലയുടെ പ്രോത്സാഹനം:**

വയോജനങ്ങൾക്ക് അനുയോജ്യമായ താമസ – ഗതാഗത സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും കലാസാംസ്കാരിക വിനോദ പരിപാടികളും ഉൾപ്പെടുത്തി വിനോദസഞ്ചാര മേഖല വയോജന സൗഹൃദപരമായി വികസിപ്പിക്കും. വിനോദസഞ്ചാര കേന്ദ്രങ്ങളെ അവയുടെ വയോജന സൗഹൃദസമീപനത്തെ അടിസ്ഥാനമാക്കി വിലയിരുത്തും. ടൂറിസവുമായി ബന്ധപ്പെട്ട തൊഴിൽ സംരംഭങ്ങളിൽ മുതിർന്നവർക്ക് അവരുടെ പ്രാദേശിക അറിവുകളും അനുഭവങ്ങളും പ്രയോജനപ്പെടുത്തുന്ന വിധത്തിൽ മുൻഗണന നൽകി പങ്കെടുപ്പിക്കും.

**7) സാമൂഹ്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികളുടെ പ്രോത്സാഹനം:**

വയോധികർക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത വാസസൗകര്യങ്ങളും പാർപ്പിട സംവിധാനങ്ങളും ഉൾപ്പെടുത്തിയ ഭവനപദ്ധതികൾ പ്രാദേശിക തലത്തിൽ സാമൂഹ്യ പങ്കാളിത്തത്തോടെ അവതരിപ്പിക്കും. വയോധികർക്ക് അനുയോജ്യമായ രീതിയിൽ വീടുകൾ പണിയുവാൻ താഴ്ന്ന വരുമാനക്കാർക്ക് സബ്സിഡി സഹായത്തോടെയുള്ള ഭവന പദ്ധതികൾ നടപ്പിലാക്കും.

**8) മുതിർന്നവർക്കുള്ള ഉൽപന്നങ്ങളുടെ ഗുണനിലവാരം വിലയിരുത്തൽ:**

പ്രാദേശിക സർക്കാരുകൾ വഴിയും സർക്കാർ ഏജൻസികൾ വഴിയും വിതരണം ചെയ്യുന്ന സഞ്ചാരക്ഷമതാ ഉപകരണങ്ങൾ, സഹായക ഉപകരണങ്ങൾ, മറ്റ് അവശ്യ വസ്തുക്കൾ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സർക്കാർ സംവിധാനമൊരുക്കും. ഉൽപ്പന്നങ്ങളുടെ ഉപയോഗക്ഷമത, സുരക്ഷ, മൂല്യം എന്നിവ വിലയിരുത്തുന്നതിനുള്ള സമിതിയിൽ മുതിർന്നവരെയും വിദഗ്ധരെയും ഉൾപ്പെടുത്തും.

മുതിർന്നവർക്കും അവരുടെ കുടുംബങ്ങൾക്കും അവബോധവും ലഭ്യതയും വർദ്ധിപ്പിക്കുന്ന വിധത്തിൽ വയോജന സൗഹൃദ സംരംഭങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും പ്രദർശനവില്പന മേളകൾ എല്ലാ ജില്ലകളിലും സംഘടിപ്പിക്കും.

**6.5 മുതിർന്നവരുടെ പാർശ്വവൽക്കരണത്തെ തടയുക**

പാർശ്വവൽക്കരിക്കപ്പെട്ട മുതിർന്നവർ അഭിമുഖീകരിക്കുന്ന പ്രത്യേക പ്രശ്നങ്ങളും വെല്ലുവിളികളും നേരിടാൻ കേരളം പ്രതിജ്ഞാബദ്ധമാണ്. ഉൾക്കൊള്ളലും സമത്വവും വളർത്തിയെടുക്കുന്നതിലൂടെ, മുതിർന്നവർക്ക് അവരുടെ ജീവിത സായന്തനത്തിൽ അന്തസ്സും സുരക്ഷിതത്വവും ക്ഷേമവും അനുഭവവേദ്യമാകുന്നത് ഉറപ്പാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി താഴെപ്പറയുന്ന പ്രവർത്തന തന്ത്രങ്ങൾ നടപ്പാക്കും:

**1) സാമൂഹിക ഉൾക്കൊള്ളൽ പ്രോത്സാഹിപ്പിക്കുക, ഒറ്റപ്പെടൽ കുറയ്ക്കുക:**

സാമൂഹിക ബന്ധങ്ങൾ വളർത്തുന്നതിനും പാർശ്വവൽക്കരിക്കപ്പെട്ട മുതിർന്നവർക്കിടയിൽ ഒറ്റപ്പെടൽ കുറയ്ക്കുന്നതിനുമായി മുതിർന്നവർ ഉൾപ്പെടുന്ന കൂട്ടായ്മകൾ, തുല്യ അനുഭവസ്ഥരുടെ പിന്തുണാ കൂട്ടായ്മകൾ, മുതിർന്നവരുടെ സ്വയം സഹായ സംഘങ്ങൾ തുടങ്ങിയ ഉദ്യമങ്ങൾ നടപ്പിലാക്കും. സ്ത്രീകൾ, പങ്കാളികളില്ലാത്ത മുതിർന്നവർ, വ്യത്യസ്ത ലൈംഗികാഭിമുഖ്യമുള്ള (എൽ. ജി.ബി.റ്റി.ക്യൂ) മുതിർന്ന വ്യക്തികൾ എന്നിവർക്ക് സുരക്ഷിതമായ ഇടങ്ങളും സമൂഹവുമായി ഇടപഴകാനുള്ള അവസരങ്ങളും ഉറപ്പാക്കുകയും സാമൂഹ്യ ജീവിതത്തിൽ അവരുടെ പങ്കാളിത്തം ശക്തിപ്പെടുത്തുകയും ചെയ്യും.

**2) എല്ലാവർക്കും തുല്യമായ സേവന ലഭ്യത ഉറപ്പാക്കുക:**

പട്ടികജാതി, പട്ടികവർഗക്കാർ, ഭിന്നശേഷിക്കാർ, പരമ്പരാഗത തൊഴിലാളികൾ, വളരെ ഉയർന്ന പ്രായമുള്ളവർ തുടങ്ങിയ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽപ്പെട്ട വയോജനങ്ങളുടെ തനതായ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് അനുയോജ്യമായ ആരോഗ്യ സംരക്ഷണ പരിപാടികൾ, ഭവനപദ്ധതികൾ, സാമൂഹിക സുരക്ഷാ ഇടപെടലുകൾ എന്നിവ ആവിഷ്കരിക്കും. ബോധവൽക്കരണ പ്രചാരണ പരിപാടികൾ വഴി ഈ വിഭാഗങ്ങളെ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുകയും അവശ്യസേവനങ്ങൾ നേടിയെടുക്കുന്നതിന് അവർക്ക് സഹായം നൽകുകയും ചെയ്യും.

**3) സേവന ലഭ്യതയും പരിചരണ പിന്തുണയും മെച്ചപ്പെടുത്തൽ:**

ഭിന്നശേഷിക്കാരും വാർദ്ധക്യസഹജമായ അവശതകളുള്ളവരുമായ മുതിർന്നവർക്ക് സഹായ ഉപകരണങ്ങൾ, സാമ്പത്തിക സഹായം, പരിചരണത്തിനാവശ്യമായ വിഭവങ്ങൾ എന്നിവക്ക് മുൻഗണന നൽകും. പട്ടികജാതി, പട്ടികവർഗക്കാർ, മറ്റ് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ എന്നിവർക്ക് അവരുടെ സാംസ്കാരിക സവിശേഷതകൾക്ക് യോജിക്കുന്ന വിധത്തിലുള്ളതും വിവേചനരഹിതവുമായ സേവനങ്ങൾ ഉറപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാമൂഹ്യ സംഘടനകളുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കും.

**4) പ്രായമായ സ്ത്രീകളുടെ പ്രത്യേക ആവശ്യങ്ങൾക്കുള്ള പരിഹാരം:**

സമൂഹത്തിലെ ഏറ്റവും പ്രബല സാമൂഹിക വിഭാഗമെന്ന നിലക്ക് സ്ത്രീ വയോജനതയെ കൂടുതൽ ശാക്തീകരിക്കേണ്ടതും അതിനായി പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുമുണ്ട്. പ്രായമായ സ്ത്രീകൾക്ക് സാമ്പത്തിക സ്വാതന്ത്ര്യം നല്കുന്നതിനായി സ്വയം ഉപാധി പദ്ധതികൾ , ചെറുകിട വ്യവസായങ്ങൾ, സാമൂഹിക സംരംഭങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന , സമൂഹത്തിൽ അവരുടെ പങ്കാളിത്തം കൂടുതൽ ഉറപ്പാക്കുന്ന വിധത്തിൽ സ്ത്രീകൾക്കുള്ള പദ്ധതികൾ വിഭാവനം ചെയ്യും. ജാതി, ഭിന്നശേഷി, നിരക്ഷരത, തൊഴിലില്ലായ്മ, വൈവാഹികനില തുടങ്ങിയ ഘടകങ്ങളാൽ ലിംഗപരമായ വിവേചനം നേരിടുന്നവരാണ് പ്രായമായ സ്ത്രീകളിൽ ഭൂരിഭാഗവും. ഈ വിവേചനം മറികടക്കാൻ ലക്ഷ്യമിട്ടുള്ള ഇടപെടലുകൾ നടത്തും. വിധവകൾക്കും അവിവാഹിതരായ അമ്മമാരടക്കമുള്ള സ്ത്രീകൾക്കും സാമ്പത്തികമായ പിന്തുണ നൽകുന്നതിനും അവരുടെ സ്വാതന്ത്ര്യവും സുരക്ഷയും വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനം ശ്രമിക്കും. പുരുഷന്മാരെ അപേക്ഷിച്ച് പ്രായമായ സ്ത്രീകളെ കൂടുതലായി ബാധിക്കുന്ന വിട്ടുമാറാത്ത രോഗങ്ങൾ, സാംക്രമികേതര രോഗങ്ങൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിന് ആരോഗ്യസംരക്ഷണ സേവനങ്ങൾ ശക്തിപ്പെടുത്തും. സ്വത്തവകാശം, നിയമപരിരക്ഷ, സാമ്പത്തിക സാക്ഷരത, എന്നിവയെക്കുറിച്ച് മുതിർന്ന സ്ത്രീകളെ അറിവുള്ളവരാക്കുന്നതിനും സാമ്പത്തിക ശാക്തീകരണം ഉറപ്പാക്കുന്നതിനും അവശതകളിൽ നിന്ന് സംരക്ഷണം നൽകുന്നതിനുമായുള്ള ബോധവൽക്കരണം സംഘടിപ്പിക്കും. ഒറ്റപ്പെടലും ഏകാന്തതയും കുറയ്ക്കാനും സാമൂഹികമായ ഉൾക്കൊള്ളലും സജീവമായ ഇടപെടലും പ്രോത്സാഹിപ്പിക്കുന്നതിനുമായി മുതിർന്ന സ്ത്രീകൾക്കായുള്ള ഒഴിവുസമയ വിനോദ പരിപാടികൾ നടപ്പിലാക്കും. സാമ്പത്തിക സ്വാശ്രയത്വം പ്രോത്സാഹിപ്പിക്കുന്നതിനായി കുടുംബശ്രീ പോലെയുള്ള കൂട്ടായ്മകളിലൂടെ നൈപുണ്യ വികസനവും സൂക്ഷ്മ സംരംഭങ്ങൾ തുടങ്ങാനുള്ള അവസരങ്ങളും സാധ്യമാക്കും. ഇതുവഴി സ്ത്രീകൾക്ക് സുസ്ഥിരവരുമാനം ഉറപ്പാക്കുന്നതിനും സാമൂഹിക ശാക്തികരണം കൈവരിക്കുന്നതിനും സാധിക്കും.

**5) പ്രവാസികളുടെ മാതാപിതാക്കളുടെയും മുതിർന്ന കുടിയേറ്റക്കാരുടെയും സാമൂഹിക ഉൾച്ചേർക്കൽ:**

ബന്ധുക്കൾ അടുത്തില്ലാത്ത മുതിർന്നവർ നേരിടുന്ന സാമൂഹികവും വൈകാരികവുമായ വെല്ലുവിളികൾ പരിഹരിക്കുന്നതിന്, പ്രവാസി മലയാളികളുടെ മാതാപിതാക്കൾക്കും മറ്റസംസ്ഥാനങ്ങളിൽ നിന്നും വന്ന മുതിർന്ന കുടിയേറ്റക്കാർക്കുമായി ലക്ഷ്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടപ്പിലാക്കും. സായംപ്രഭ ഹോമുകൾ, കുടുംബശ്രീ യൂണിറ്റുകൾ, ഉൾപ്പെടെയുള്ള പ്രാദേശിക സംവിധാനങ്ങളും സന്നദ്ധ സംഘടനകളും പ്രവാസികളുടെ മാതാപിതാക്കൾക്ക് ആരോഗ്യ പരിശോധന, സാമൂഹിക പരിപാടികൾ, വിദേശത്തുള്ള മക്കളുമായി മെച്ചപ്പെട്ട ആശയവിനിമയത്തിനുള്ള ഡിജിറ്റൽ പരിശീലനം തുടങ്ങി സാമൂഹികവും സാമ്പത്തികവും ആരോഗ്യപരവുമായ സഹായ സേവനങ്ങൾ നൽകും. അവശ്യസേവനങ്ങൾ, ആരോഗ്യസംരക്ഷണം, സാമൂഹ്യപിന്തുണ എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനും പ്രാദേശിക സമൂഹവുമായി സുഗമമായ ഇഴുകിച്ചേരൽ ഉറപ്പാക്കുന്നതിനും സംസ്ഥാനത്തെ മുതിർന്ന കുടിയേറ്റക്കാരുടെ പ്രത്യേക രജിസ്റ്റർ തയ്യാറാക്കും.

**6.6 തൊഴിൽ, ആജീവനാന്ത പഠനം, സാമ്പത്തിക പങ്കാളിത്തം**

വയോജനങ്ങളുടെ സാമ്പത്തികവും ബൗദ്ധികവുമായ കഴിവുകളെ അംഗീകരിക്കുവാനും അവരുടെ തൊഴിൽ പങ്കാളിത്തം, ആജീവനാന്ത പഠനം, സാമ്പത്തിക സ്വാതന്ത്ര്യം എന്നിവയെ പ്രോത്സാഹിപ്പിക്കുന്ന സമഗ്രമായ അന്തരീക്ഷം വളർത്തിയെടുക്കാനും കേരള സംസ്ഥാനം പ്രതിജ്ഞാബദ്ധമാണ്. താഴെപ്പറയുന്ന തന്ത്രങ്ങൾ ഇതിനായി നടപ്പാക്കും:

**1) നൈപുണ്യ വികസനവും സാമ്പത്തിക പങ്കാളിത്തവും:**

വയോജനങ്ങളെ അനുയോജ്യമായ തൊഴിൽ അവസരങ്ങളുമായി ബന്ധിപ്പിക്കുന്നതിന് സംസ്ഥാനതല നൈപുണ്യ രജിസ്ട്രി തയ്യാറാക്കും. തൊഴിൽ മേഖലയുടെ ആവശ്യങ്ങൾക്കനുസരിച്ച് വയോജനങ്ങളുടെ നൈപുണ്യ പോരായ്മകൾ പരിഹരിക്കുന്നതിനും നൈപുണ്യ വികസനത്തിനുമായി പരിശീലന പരിപാടികൾ നടപ്പിലാക്കും. കുടുംബശ്രീ ഉൾപ്പെടെ സ്വയംതൊഴിൽ, സംയുക്ത സഹകരണ സംരംഭങ്ങൾ, ലഘുസംരംഭങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിവിധ വകുപ്പുകളുടെയും വികസന കോർപ്പറേഷനുകളുടെയും സഹായത്തോടെ വയോജനങ്ങളുടെ ഇടയിൽ തൊഴിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കും.

**2) പ്രായത്തിനും കഴിവുകൾക്കും അനുയോജ്യമായ തൊഴിൽ രീതികൾ പ്രോത്സാഹിപ്പിക്കൽ:**

പാർട്ട് ടൈം ജോലികൾ, വീട്ടിലിരുന്നുള്ള ജോലികൾ (വർക് ഫ്രം ഹോം/ വർക്ക് നിയർ ഹോം) ഉൾപ്പെടെ ഔപചാരികവും അനൗപചാരികവുമായ തൊഴിൽ മേഖലകളിൽ മുതിർന്നവരെ പരിഗണിക്കുവാൻ കഴിയുന്ന വിധം വയോജനങ്ങൾക്ക് അനുയോജ്യമായ നിയമന നയങ്ങളും തൊഴിൽ ക്രമീകരണങ്ങളും പ്രോത്സാഹിപ്പിക്കും. " കേന്ദ്ര തൊഴിലുറപ്പുപദ്ധതി, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി " തുടങ്ങിയ പൊതു തൊഴിൽ ദാന പദ്ധതികളിൽ വയോജനങ്ങൾക്ക് മുൻഗണന നൽകി പ്രായത്തിന് അനുയോജ്യമായ തൊഴിൽ ലഭ്യമാക്കും.

**3) പരമ്പരാഗത കഴിവുകൾ സംരക്ഷിക്കലും പുതുതലമുറയ്ക്ക് കൈമാറലും:**

കേരളത്തിന്റെ കരകൗശല പാരമ്പര്യവും നൈപുണ്യവും സംരക്ഷിക്കുന്നതിനായി ഈ മേഖലയിലെ മുതിർന്നവരെയും കരകൗശല വിദഗ്ധരെയും നിയോഗിക്കും. വിവിധ തലമുറയിൽപ്പെടുന്നവരെ ഉൾക്കൊള്ളിച്ച് സംഘടിപ്പിക്കുന്ന ശിൽപശാലകൾ വഴി ഈ കഴിവുകൾ പുതുതലമുറയ്ക്ക് കൈമാറാൻ സഹായിക്കും. ഇത് സാംസ്കാരികത്തുടർച്ച പ്രോത്സാഹിപ്പിക്കുകയും വയോജനങ്ങൾക്ക് വരുമാനമാർഗങ്ങൾ പ്രദാനം ചെയ്യുകയും ചെയ്യും.

**4) തൊഴിലിട സുരക്ഷയും വിരമിക്കൽ തയ്യാറെടുപ്പും ശക്തിപ്പെടുത്തൽ:**

വയോജന തൊഴിലാളികളെ സംരക്ഷിക്കുന്നതിന് എല്ലാ മേഖലകളിലും വയോജന സൗഹൃദ തൊഴിൽസ്ഥല സുരക്ഷാ മാനദണ്ഡങ്ങളും ജോലിസ്ഥലത്ത് എർഗണോമിക് രൂപകൽപ്പനയും (പ്രായമായ തൊഴിലാളികളുടെ ശരീരസമ്മർദ്ദം കുറയ്ക്കുകയും തൊഴിലാളികളുടെ സൗകര്യം, സുരക്ഷ, കാര്യക്ഷമത എന്നിവ ഉറപ്പാക്കുകയും ചെയ്യുന്ന രീതിയിൽ ജോലി സ്ഥലങ്ങൾ, ഉപകരണങ്ങൾ എന്നിവ രൂപകൽപ്പന ചെയ്യുക) നിർബന്ധമാക്കും.

സാമ്പത്തിക സാക്ഷരത, ആരോഗ്യപരിപാലന ആസൂത്രണം, വിരമിക്കലിന് ശേഷം സംതൃപ്തമായ ജീവിതം നയിക്കുന്നതിനുള്ള കഴിവുകൾ എന്നിവയിൽ വയോജനങ്ങളെ സജ്ജരാക്കുന്നതിനായി വിവിധ മേഖലകളിൽ വ്യക്തികളുടെ വിരമിക്കലിന് മുമ്പ് പരിശീലന, ആസൂത്രണ പരിപാടികൾ നടപ്പിലാക്കും.

**5) വിദേശത്തുനിന്ന് മടങ്ങിയെത്തുന്ന വയോജനങ്ങളുടെ സാമൂഹ്യ പുനഃസംയോജനം:**

തൊഴിലധിഷ്ഠിത പരിശീലനം, മാർഗദർശനം നൽകൽ, പ്രാദേശിക വികസന പദ്ധതികളിൽ പങ്കാളിത്തം തുടങ്ങിയവയിലൂടെ വിദേശരാജ്യങ്ങളിലെ സേവനത്തിനുശേഷം മടങ്ങിയെത്തുന്ന വയോജനങ്ങളുടെ കഴിവുകൾ അംഗീകരിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കും. ഇത് അവരുടെ സമൂഹത്തിലേക്കുള്ള പുനഃസംയോജനത്തിനും വിരമിക്കൽ കാലയളവ് ലക്ഷ്യബോധത്തോടെ ചെലവഴിക്കുന്നതിനും പ്രോത്സാഹനമാകും.

**6) നൈപുണ്യമുള്ള വയോജനങ്ങൾക്ക് ഇന്റേൺഷിപ്പിനുള്ള അവസരങ്ങൾ ഒരുക്കൽ;**

വൈദഗ്ധ്യമുള്ള വയോജനങ്ങൾക്കായി സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സംരംഭങ്ങളിലും ഇന്റേൺഷിപ്പ് അവസരങ്ങൾ സർക്കാർ പ്രോത്സാഹിപ്പിക്കും, അതുവഴി തങ്ങളുടെ വൈദഗ്ധ്യം സംഭാവന ചെയ്യാനും തൊഴിൽ മേഖലയിൽ സജീവമായി ഏർപ്പെടാനും മുതിർന്നവർക്ക് കഴിയും. വയോജനങ്ങളെ ഉൾക്കൊള്ളുന്ന തൊഴിലിടങ്ങൾ സൃഷ്ടിക്കുന്നതിനും മുതിർന്ന പ്രൊഫഷണലുകളുടെ കഴിവുകൾക്കും അറിവിനും അനുയോജ്യമായ ഇന്റേൺഷിപ്പുകൾ നൽകുന്നതിനും സ്വകാര്യമേഖലയുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കും. അതുവഴി മുതിർന്നവരുടെ സാമ്പത്തിക പങ്കാളിത്തവും സാമൂഹിക ഇടപെടലും വർദ്ധിപ്പിക്കും.

**6.7 കാലാവസ്ഥാ ദുരന്ത സാദ്ധ്യതകൾക്കായുള്ള തയ്യാറെടുപ്പ്**

വയോജനങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന തരത്തിൽ ദുരന്തനിവാരണ തന്ത്രങ്ങൾ തയ്യാറാക്കപ്പെടുന്നുവെന്ന് ഉറപ്പാക്കും. അടിയന്തിര സാഹചര്യങ്ങളിലെ ഒഴിപ്പിക്കൽ, സുരക്ഷിത സ്ഥാനത്തേക്ക് താൽക്കാലികമായി മാറ്റൽ, ആരോഗ്യ പരിചരണം, മാനസിക പിന്തുണ തുടങ്ങിയ പ്രവർത്തനങ്ങളിൽ വയോജന സൗഹൃദമായ ദുരന്ത നിവാരണ തന്ത്രങ്ങൾ ആവിഷ്കരിക്കും. കാലാവസ്ഥാ വ്യതിയാനത്തിന്റെ വെല്ലുവിളികൾ അതിജീവിക്കാനുള്ള സാമൂഹിക കൂട്ടായ്മയിലധിഷ്ഠിതമായ പരിപാടികളിൽ മുതിർന്നപൗരന്മാരെയും പങ്കാളികളാക്കും. വയോധികരുടെ അനുഭവങ്ങളെ ദുരന്തങ്ങൾ അതിജീവിക്കാനും, അതിൽ നിന്ന് കരകയറാനുമുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും പ്രയോജനപ്പെടുത്തും. താഴെപ്പറയുന്ന തന്ത്രങ്ങൾ ഇതിനായി നടപ്പാക്കും:

**1) വയോജനങ്ങൾക്ക് അനുയോജ്യമായ ദുരിതാശ്വാസ കേന്ദ്രങ്ങളും ദുരന്ത നിവാരണ കിറ്റുകളും:**

ദുരിതാശ്വാസ ക്യാമ്പുകളും അഭയകേന്ദ്രങ്ങളും മുതിർന്നപൗരന്മാരുടെ പ്രത്യേക ആവശ്യങ്ങൾക്കനുസരിച്ച് രൂപകൽപ്പന ചെയ്യും. ഇതിൽ പ്രായമായവർക്ക് ഉപയോഗ്രപ്രദവും സുരക്ഷിതവുമായ ഭൗതിക സൗകര്യങ്ങൾ, അനുയോജ്യമായ ഭക്ഷണം, ചലന സഹായ ഉപകരണങ്ങൾ, വൈദ്യസഹായം എന്നിവ ഉൾപ്പെടും. പ്രഥമ

ശുശ്രൂഷാ സാമഗ്രികൾ, മരുന്നുകൾ, അടിയന്തര മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയടങ്ങിയ പ്രത്യേക ദുരന്തനിവാരണ കിറ്റുകൾ ദുരന്ത സാധ്യതാ മേഖലകളിൽ മുതിർന്നവർക്ക് ലഭ്യമാക്കും.

**2) സാമൂഹിക പങ്കാളിത്തത്തോടെയുള്ള ദുരന്ത നിവാരണവും പിന്തുണാ സംവിധാനങ്ങളും:**

ദുരന്ത സമയങ്ങളിൽ മുതിർന്നപൗരന്മാരെ സഹായിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ, സന്നദ്ധ പ്രവർത്തകർ, പ്രത്യേക പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ഭവന സന്ദർശനങ്ങൾ, ഭക്ഷണ വിതരണം, വൈകാരിക പിന്തുണ നൽകൽ എന്നിവക്കായി സാമൂഹിക പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അടിയന്തരസാഹചര്യങ്ങളിലും അതിനു മുൻപും, ശേഷവും സഹായം നൽകുന്നതിനായി "ബഡ്ഡി സംവിധാനം" (വയോധികരെ അവർക്ക് സഹായം നൽകാനും സുരക്ഷ ഉറപ്പാക്കാനും ഉത്തരവാദിത്തമുള്ള സന്നദ്ധ പ്രവർത്തകരുമായി ബന്ധിപ്പിക്കുന്ന സംവിധാനം) നടപ്പിലാക്കും.

**3) സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള രക്ഷാപ്രവർത്തനവും പുനരധിവാസവും:**

വയോജനങ്ങളുടെ വീടുകൾ ജിയോ-ടാഗ് (ജി.പി.എസ്. സാങ്കേതികവിദ്യ ഉപയോഗിച്ച് വാസസ്ഥലത്തിന്റെ കൃത്യമായ സ്ഥാനം അടയാളപ്പെടുത്തൽ) ചെയ്യുന്നത് അടിയന്തര സാഹചര്യങ്ങളിൽ കൃത്യമായ രക്ഷാപ്രവർത്തനം നടത്തുന്നതിന് സഹായകരമാകും. പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ മുതിർന്നപൗരന്മാരെ ഉപദേശക സ്ഥാനങ്ങളിൽ ഉൾപ്പെടുത്തും. ഇത് മുതിർന്നവരുടെ പ്രത്യേക ആവശ്യങ്ങൾ പരിഗണിക്കുവാനും അവരുടെ അനുഭവജ്ഞാനം ഉപയോഗിക്കുവാനും എല്ലാവരെയും ഉൾക്കൊള്ളുന്ന പുനർനിർമ്മാണം ഉറപ്പാക്കുവാനും സഹായിക്കും.

**6.8 സാമൂഹിക – കലാ സാംസ്കാരിക , കായിക പ്രവർത്തനങ്ങളിലെ സജീവ പങ്കാളിത്തം**

സാമൂഹ്യ ജീവിതത്തിൽ മുതിർന്നവരുടെ സജീവ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാമൂഹിക മേഖലകളിൽ അവരുടെ സംഭാവനകൾ ഉറപ്പാക്കുന്നതിനും സാമൂഹ്യ, കലാകായിക, പരിപാടികൾ പ്രോത്സാഹിപ്പിക്കും. താഴെപ്പറയുന്ന തന്ത്രങ്ങൾ ഇതിനായി നടപ്പാക്കും:

**1) സജീവ സാമൂഹ്യ പങ്കാളിത്തവും ഉൾക്കൊള്ളലും സാധ്യമാക്കൽ:**

സംസ്ഥാന സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സാമൂഹിക സംഘടനകൾ എന്നിവയുടെ നേതൃത്വത്തിലുള്ള പരിപാടികളിലൂടെ മുതിർന്നവരെ സന്നദ്ധസേവനത്തിൽ പങ്കാളികളാക്കും. ഗ്രാമസഭകളിൽ ഉപദേശക സ്ഥാനങ്ങൾ നൽകുന്നതിലൂടെ പ്രാദേശിക ഭരണത്തിലും മറ്റ് സാംസ്കാരിക സംരംഭങ്ങളിലും പങ്കെടുക്കുന്നത് പ്രോത്സാഹിപ്പിക്കും. സാമൂഹ്യ ഒറ്റപ്പെടൽ കുറയ്ക്കുന്നതിനായി മുതിർന്നവരുടെ വൈവിധ്യങ്ങളായ കഴിവുകൾ പരിഗണിച്ചുകൊണ്ടുള്ള സാമൂഹ്യ, സാംസ്കാരിക, കലാ, കായിക പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കും. ഇതിനായി പൊതു ലൈബ്രറികൾ, പ്രാദേശിക ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, 'സായംപ്രഭ' കേന്ദ്രങ്ങൾ തുടങ്ങിയ ഇടങ്ങൾ ഉപയോഗപ്പെടുത്തും.

**2) തലമുറകൾ തമ്മിലുള്ള സഹകരണം വളർത്തൽ:**

പൊതു ലൈബ്രറികളും വായനശാലകളും പ്രയോജനപ്പെടുത്തിക്കൊണ്ട് കഥ പറയൽ സെഷനുകൾ, സംഘടിത കലാപ്രവർത്തനങ്ങൾ തുടങ്ങിയ മാർഗങ്ങളിലൂടെ തലമുറകൾ തമ്മിലുള്ള സാംസ്കാരിക വിനിമയം സാധ്യമാക്കുന്ന ഉദ്യമങ്ങൾ വികസിപ്പിക്കും. എൻ. എസ്. എസ്, എസ്.പി.സി, എൻ.സി.സി, സർക്കാരേതര സംഘടനകൾ, ക്ലബുകൾ മുതലായവയുമായി സഹകരിച്ച് തലമുറകൾ തമ്മിലുള്ള സാമൂഹിക ബന്ധങ്ങളും പരസ്പര ധാരണയും ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും. കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം ആഘോഷിക്കുന്നതിനും തലമുറകളിൽ പരസ്പര ധാരണയും ബഹുമാനവും വളർത്തുന്നതിനും പാരമ്പര്യകല, സിനിമ, സംഗീതം എന്നിവക്ക് പ്രത്യേകം മേളകൾ സംഘടിപ്പിക്കും.

**3) വായ്മൊഴി ചരിത്രങ്ങളും പരമ്പരാഗത അറിവുകളും സംരക്ഷിക്കൽ:**

വയോജനങ്ങൾ പങ്കുവെയ്ക്കുന്ന വായ്മൊഴി ചരിത്രങ്ങൾ, പരമ്പരാഗത കലകൾ, കരകൗശലവിദ്യകൾ, തദ്ദേശീയ അറിവുകൾ എന്നിവ രേഖപ്പെടുത്തുന്നതിന് അക്കാദമിക സ്ഥാപനങ്ങളുമായും സാംസ്കാരിക സംഘടനകളുമായും സഹകരിച്ച് പദ്ധതികൾ തയ്യാറാക്കും. അക്ഷരശ്ലോകം, കഥാപ്രസംഗം, കളമെഴുത്ത്, കൂടിയാട്ടം തുടങ്ങിയ പരമ്പരാഗത കലാരൂപങ്ങളിൽ പ്രാവീണ്യമുള്ള വയോജനങ്ങളെ കണ്ടെത്താൻ ടാലന്റ് ഹണ്ടുകൾ (പ്രത്യേക കഴിവുകളുള്ള വയോജനങ്ങളെ കണ്ടെത്തുകയും അവരുടെ കഴിവുകൾ പ്രദർശിപ്പിക്കാനുമായി സംഘടിപ്പിക്കുന്ന പരിപാടി) സംഘടിപ്പിക്കും. ഈ പാരമ്പര്യങ്ങൾ നിലനിർത്തുന്നതിനും കൈമാറുന്നതിനും പരിശീലന പരിപാടികളും വിവിധ തലമുറയിൽപ്പെട്ടവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശിൽപശാലകളും നടത്തും.

**4) മുതിർന്നവരുടെ സംഭാവനകളെ അംഗീകരിക്കലും സംസ്ഥാനതല പരിപാടികൾ സംഘടിപ്പിക്കലും:**

കല, സംസ്കാരം, സാമൂഹ്യ സേവനം തുടങ്ങിയ മേഖലകളിൽ വയോജനങ്ങൾ നൽകിയ സംഭാവനകളെ അംഗീകരിക്കുന്നതിനായി വയോസേവന പുരസ്കാരങ്ങൾ നൽകും. മുതിർന്നപൗരന്മാർക്ക് മികച്ച സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങളെയും ആദരിക്കും. ഇത് വയോജനങ്ങളുടെ പരിചരണത്തിലും പിന്തുണാ സംവിധാനങ്ങളിലും മികച്ച മാതൃകകളും നൂതന ആശയങ്ങളും പ്രോത്സാഹിപ്പിക്കും. വയോജനങ്ങളുടെ സജീവപങ്കാളിത്തവും സാമൂഹിക അംഗീകാരവും ഉറപ്പാക്കുന്നതിനായി ശിൽപശാലകൾ, പ്രദർശനമേളകൾ, മുതിർന്നവരുടെ കലാ പരിപാടികൾ എന്നിവ ഉൾപ്പെടുത്തി "വയോജനോത്സവം" എന്ന പേരിൽ സംസ്ഥാന തലത്തിൽ സാംസ്കാരികമേള സംഘടിപ്പിക്കും.

**5) കായിക പ്രവർത്തനങ്ങളും വിനോദവും വഴി ആരോഗ്യവും ശാരീരികക്ഷമതയും മെച്ചപ്പെടുത്തൽ:**

വയോജനങ്ങളുടെ ആരോഗ്യത്തിനും ശാരീരികക്ഷമതയ്ക്കും പ്രാധാന്യം നൽകി “സ്പോർട്സ് മീറ്റുകൾ" സംഘടിപ്പിക്കും. സായംപ്രഭ ഹോമുകൾ, വയോജന പാർക്കുകൾ തുടങ്ങി വയോജനങ്ങൾക്ക് എളുപ്പത്തിൽ എത്തിച്ചേരാവുന്നതും ഉപയോഗിക്കാവുന്നതുമായ ഇടങ്ങൾ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കും. ഓപ്പൺ ജിമ്മുകൾ പോലെയുള്ള കായിക സൗകര്യങ്ങളും വിനോദ പരിപാടികളും ഉൾപ്പെടുത്തി ഇവയെ സമഗ്രമായ ആരോഗ്യ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന കേന്ദ്രങ്ങളാക്കി നവീകരിക്കും.

**6) ഉത്തമ പ്രതിനിധാനം മാധ്യമങ്ങളിൽ പ്രോത്സാഹിപ്പിക്കൽ**

വയോജനങ്ങളുടെ ശക്തി, സർഗാത്മകത, സാമൂഹിക സംഭാവനകൾ എന്നിവ എടുത്തു കാണിക്കുന്നതിന് മാധ്യമ സ്ഥാപനങ്ങളുടെ സഹകരണം സാധ്യമാക്കും. ഇത് വർദ്ധക്യവുമായി ബന്ധപ്പെട്ട നിഷേധാത്മകവും തെറ്റിദ്ധാരണജനകവുമായ കാഴ്ചപ്പാടുകൾ തിരുത്തുന്നതിനും വയോജനങ്ങളോട് ബഹുമാനം വളർത്തുന്നതിനും സഹായിക്കും.

**6.9 തലമുറകൾ തമ്മിലുള്ള ഐക്യദാർഢ്യം വളർത്തുക**

മുതിർന്നപൗരന്മാരുടെ ജീവിതാനുഭവങ്ങളുടെ രേഖപ്പെടുത്തലിലൂടെ അവരുടെ വിഭവശേഷിയെ എക്കാലത്തേയ്ക്കും ഉപയോഗയോഗ്യമാക്കുന്നതിനായി "ഹ്യൂമൻ ലൈബ്രറി" പോലുള്ള സംവിധാനങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനാടിസ്ഥാനത്തിൽ സ്ഥാപിക്കും. ഇതിനായി തലമുറകൾ തമ്മിലുള്ള വിടവുകൾ നികത്തുന്നതിനും ഐക്യദാർഢ്യം വളർത്തുന്നതിനും മുതിർന്നവരുടെ സാമൂഹിക ഉൾപ്പെടുത്തൽ വർദ്ധിപ്പിക്കുന്നതിനും ശക്തവും ഐക്യവുമുള്ള സമൂഹങ്ങൾ കെട്ടിപ്പടുക്കുന്നതിനും സംസ്ഥാനം മുൻഗണന നൽകും. താഴെപ്പറയുന്ന തന്ത്രങ്ങൾ ഇതിനായി നടപ്പാക്കും:

**1) സാമൂഹിക ഇടപെടലും വിജ്ഞാനവിനിമയവും പ്രോത്സാഹിപ്പിക്കൽ**

സാമൂഹിക നേതൃസ്ഥാനങ്ങളിലും, ഉപദേശക സമിതികളിലും പ്രവർത്തിക്കാൻ വയോജനങ്ങളെയും ചെറുപ്പക്കാരെയും ഒരുപോലെ പ്രോത്സാഹിപ്പിക്കും. മുതിർന്ന വ്യക്തികളെ അവരുടെ പൂർവ്വവിദ്യാലയങ്ങളുമായി വീണ്ടും ബന്ധിപ്പിക്കുന്നതിന് , പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ പ്രോത്സാപിപ്പിക്കും. ഇതു മുതിർന്നവരുടെ മാർഗ്ഗനിർദ്ദേശങ്ങളും, മെന്റർഷിപ്പും, സാമൂഹിക സംഭാവനകളും പ്രോത്സാഹിപ്പിക്കുന്നതിന് അവസരമൊരുക്കും.

**2) തലമുറകൾ തമ്മിലുള്ള സഹകരണവും അറിവ് പങ്കിടലും പ്രോത്സാഹിപ്പിക്കൽ,**

കഥപറയൽ സെക്ഷനുകൾ, മെന്റർഷിപ്പ് (മാർഗ്ഗനിർദ്ദേശം നൽകുന്ന പരസ്പരബന്ധം) തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ തലമുറകൾ തമ്മിലുള്ള ആശയവിനിമയവും ബന്ധവും വളർത്തുന്നതിനുള്ള സംവിധാനങ്ങൾ സ്ഥാപിക്കും. സ്കൂളുകൾ, അങ്കണവാടികൾ എന്നിവ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധം സ്ഥാപിക്കാൻ മുതിർന്നപൗരന്മാരെയും അവരുടെ സംഘടനകളെയും പ്രോത്സാഹിപ്പിക്കും. സാമൂഹ്യ ബന്ധങ്ങളും കൂട്ടുത്തരവാദിത്തങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് വാർദ്ധക്യത്തെയും തലമുറകൾ തമ്മിലുള്ള ഐക്യദാർഢ്യത്തെയും കുറിച്ചുള്ള പാഠഭാഗങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തും.

**3) വയോധികർക്ക് പിന്തുണ നൽകുന്ന പരിപാടികളിൽ യുവാക്കളെ പങ്കാളികളാക്കൽ:**

വയോജനങ്ങൾക്കായി ഡിജിറ്റൽ സാക്ഷരതാ ശിൽപശാലകൾ, സഹവർത്തിത്വ സംരംഭങ്ങൾ, സഹവാസ പദ്ധതികൾ, മുതിർന്നവർക്കുള്ള വിനോദ പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിന് നാഷണൽ സർവീസ് സ്കീം (എൻഎസ്എസ്) യൂണിറ്റുകളുമായി സഹകരിച്ച് പ്രവർത്തിക്കാൻ കോളേജുകളിൽ വയോജന സൗഹൃദ

സന്നദ്ധക്ലബ്ബുകൾ സ്ഥാപിക്കും. സന്നദ്ധപ്രവർത്തകർക്ക് വയോജന പരിചരണം സംബന്ധിച്ച അടിസ്ഥാന കാര്യങ്ങളിൽ പരിശീലനം നൽകുകയും എൻഎസ്എസ് അല്ലെങ്കിൽ എൻസിസി യോഗ്യതാ പത്രങ്ങൾക്ക് തുല്യമായ സർട്ടിഫിക്കറ്റുകൾ നൽകി അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

**4) സഹവാസ സംവിധാനങ്ങളും സാമൂഹിക ഇടപെടലും പ്രോത്സാഹിപ്പിക്കൽ:**

പരസ്പര സഹായവും സൗഹൃദവും വളർത്താനുതകും വിധം വിദ്യാർത്ഥികളും യുവാക്കളും ഉൾപ്പെടെയുള്ളവരുമായി വയോജനങ്ങൾക്ക് താമസ സൗകര്യങ്ങൾ പങ്കിടുന്നതിനുള്ള സഹവാസ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കും. പൂന്തോട്ട പരിപാലനം, സാംസ്കാരിക ഉത്സവങ്ങൾ, ശില്പശാലകൾ തുടങ്ങിയ സാമൂഹിക പരിപാടികൾ വഴി തലമുറകൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തും

**5)വയോജനങ്ങളെ ഉൾക്കൊള്ളുന്ന വിനോദ ഇടങ്ങൾ രൂപകൽപ്പന ചെയ്യൽ:**

വയോജനങ്ങൾക്കും ചെറുപ്പക്കാർക്കും ഒരുപോലെ ഉപയോഗിക്കാനാവുന്ന, വയോജനസൗഹൃദ പാർക്കുകൾ, പൊതുയിടങ്ങൾ, വിനോദ സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കും. നഗരാസൂത്രണത്തിൽ മുതിർന്നവരുടെ പ്രവേശന സൗകര്യങ്ങൾക്കും ഉൾക്കൊള്ളലിനും പ്രാധാന്യം നൽകും.

**6) തലമുറകളെ തമ്മിൽ ബന്ധിപ്പിക്കുന്ന സംരംഭങ്ങൾ സ്ഥാപന സംവിധാനങ്ങളുടെ ഭാഗമാക്കുക:**

വയോജനങ്ങൾക്കായുള്ള സന്നദ്ധ പ്രവർത്തനങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി " വാതിൽപ്പടി" പോലെയുള്ള നിലവിലുള്ള പദ്ധതികൾ പരിഷ്കരിക്കും. തലമുറകൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും പരസ്പര ബഹുമാനം പ്രോത്സാഹിപ്പിക്കുന്നതിനും കലാ, സാംസ്കാരിക, കായിക കൂട്ടായ്മകൾക്ക് പിന്തുണ നൽകും.

**6.10 വയോജനങ്ങൾക്കെതിരായ അതിക്രമം, അവഗണന, കുറ്റകൃത്യങ്ങൾ എന്നിവ തടയൽ**

അതിക്രമം, അവഗണന, കുറ്റകൃത്യങ്ങൾ എന്നിവയിൽനിന്ന് വയോജനങ്ങളെ സംരക്ഷിക്കുന്നതിനും പ്രായമായവരെ ബഹുമാനിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഒരു സംസ്കാരം വളർത്തുന്നതിനും ശക്തമായ നിയമപരവും സ്ഥാപനപരവുമായ സംവിധാനങ്ങൾ നടപ്പാക്കും. ഇതിൽ പുതിയ നിയമ നിർമ്മാണം, പരാതി പരിഹാര സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ, ബോധവൽക്കരണം എന്നിവ ഉൾപ്പെടും. താഴെപ്പറയുന്ന തന്ത്രങ്ങൾ ഇതിനായി നടപ്പാക്കും:

**1) വയോജനങ്ങളുടെ സുരക്ഷയ്ക്കായുള്ള ദേശീയ സംസ്ഥാന നിയമ ചട്ടക്കൂടുകൾ;**

വയോജനങ്ങൾക്കെതിരായ അതിക്രമം തടയുന്നതിനും വയോജനങ്ങളെയും അവരുടെ സ്വത്തുക്കളും സംരക്ഷിക്കുന്നതിനും വയോജനങ്ങളെ ദ്രോഹിക്കുന്ന കുറ്റവാളികൾക്ക് കർശനമായ ശിക്ഷ ഉറപ്പാക്കുന്നതിനുമായി സമഗ്രമായ ഒരു സംസ്ഥാന നിയമം നടപ്പിലാക്കും. 'നാഷണൽ ട്രസ്റ്റ് ആക്ട്', 'മാതാപിതാക്കളുടെയും മുതിർന്നപൗരന്മാരുടെയും സംരക്ഷണത്തിനും ക്ഷേമത്തിനുമുള്ള നിയമം

(മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്റ്റ്-2007)' എന്നിവയുൾപ്പെടെയുള്ള ദേശീയ നിയമങ്ങളുടെ കർശനമായ നിർവഹണവും ഉറപ്പാക്കും. ഈ ചട്ടക്കൂടുകൾക്ക് കീഴിലുള്ള അവകാശങ്ങളെക്കുറിച്ച് വയോജനങ്ങൾക്ക് അവബോധം നൽകുന്നതിനായി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കും. അതുവഴി വയോജന സുരക്ഷയുടെയും ബഹുമാനത്തിന്റെയും ഒരു സംസ്കാരം സംസ്ഥാനത്ത് വളർത്തിയെടുക്കും.

**2 ) സാമൂഹ്യാധിഷ്ഠിത നിരീക്ഷണവും വയോജന സംരക്ഷണവും ശക്തിപ്പെടുത്തൽ:**

ജാഗ്രതാ സമിതിയുടെ മാതൃകയിൽ തദ്ദേശ സ്വയംഭരണ തലത്തിൽ വയോജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ഒരു പ്രത്യേക സംവിധാനം രൂപീകരിക്കും. വയോജനങ്ങൾക്കെതിരായ അതിക്രമം, അവഗണന, ചൂഷണം എന്നിവ നിരീക്ഷിക്കുന്നതിനും സമയോചിതമായ ഇടപെടലുകൾ സാധ്യമാക്കുന്നതിനുമുള്ള ഒരു വേദിയായി ഈ സംവിധാനം പ്രവർത്തിക്കും. പരാതികൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ പരിശീലനം ലഭിച്ച സന്നദ്ധപ്രവർത്തകർ, പരിചാരകർ, പ്രാദേശിക നിയമനിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ ഇതിൽ ഉൾപ്പെടും. വയോജനങ്ങൾക്കെതിരായ അതിക്രമങ്ങൾ, അവരുടെ ദുരിത സാഹചര്യങ്ങൾ, ദുർബലാവസ്ഥകൾ എന്നിവ യഥാസമയം കണ്ടെത്തി ഫലപ്രദമായി പരിഹരിക്കുന്നതിന് സാമൂഹ്യപ്രവർത്തകർ, പരിചരണം നൽകുന്നവർ, ഉദ്യോഗസ്ഥർ എന്നിവരെ സജ്ജരാക്കുന്നതിന് പരിശീലന പരിപാടികൾ ഈ സംവിധാനത്തിന്റെ ഭാഗമായി സംഘടിപ്പിക്കും.

**3) വയോജനങ്ങളുടെ സംരക്ഷണത്തിനും പരാതി പരിഹാരത്തിനുമായി ഏക-ജാലക കേന്ദ്രങ്ങൾ സ്ഥാപിക്കൽ:**

വയോജനങ്ങളുടെ പരാതികൾക്ക് നേരിട്ട് സഹായം നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏക-ജാലക കേന്ദ്രങ്ങൾ സ്ഥാപിക്കും. ഈ കേന്ദ്രങ്ങൾ വയോജനങ്ങളുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതിനൊപ്പം രക്ഷാസേവനങ്ങൾ, വൈദ്യസഹായം, നിയമസഹായം എന്നിവയും നൽകും. എൽഡർലൈൻ, എൽഡർ ഹെൽപ്പ്ലൈൻ തുടങ്ങിയ സേവനങ്ങൾ ഫലപ്രദമായി നടപ്പിലാക്കും.

**4) ഇരകൾക്കും പ്രശ്ന പരിഹാരത്തിനുമുള്ള സേവനങ്ങൾ:**

അതിക്രമത്തിന് ഇരയായ വയോജനങ്ങൾക്കായി താൽക്കാലിക താമസ സൗകര്യങ്ങളും കൗൺസലിംഗ് സേവനങ്ങളും നൽകും. വയോജനങ്ങൾക്ക് അവരുടെ കുടുംബാംഗങ്ങളുമായോ പരിചരണം നൽകുന്നവരുമായോ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മധ്യസ്ഥസേവനങ്ങൾ പ്രോത്സാഹിപ്പിക്കും. ഇതിലൂടെ നിയമപരമായ നടപടികൾക്ക് പകരം മധ്യസ്ഥതയുടെയും സഹകരണത്തിന്റെയും പരിഹാര സാധ്യതകൾ പ്രോത്സാഹിപ്പിക്കും.

**5) ഫാസ്റ്റ്-ട്രാക്ക് നീതിന്യായ സംവിധാനങ്ങൾ സ്ഥാപിക്കൽ:**

വയോജനങ്ങൾക്കെതിരായ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക ഫാസ്റ്റ് ട്രാക്ക് സംവിധാനങ്ങൾ സ്ഥാപിക്കും. അതുവഴി അന്വേഷണം, വിചാരണ, നീതി എന്നിവ വേഗത്തിൽ ഉറപ്പാക്കും.

**6) പൊതു അവബോധവും ബോധവൽക്കരണ പ്രചാരണ പരിപാടികളും:**

വയോജനങ്ങൾക്കെതിരായ അതിക്രമങ്ങളുടെ രൂപങ്ങൾ, വയോജനങ്ങൾക്കുള്ള നിയമപരമായ സംരക്ഷണം, പരാതി നൽകാനുള്ള മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് വയോജനങ്ങൾക്കും, പരിചരണം നൽകുന്നവർക്കും പൊതു സമൂഹത്തിനും അവബോധം നൽകാൻ 'ഐ.ഇ.സി' (ഇൻഫർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ) മെറ്റീരിയലുകളുടെ സഹായത്തോടെ ബോധവൽക്കരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കും . ഈ പ്രചാരണങ്ങളിൽ സാമ്പത്തിക, ഡിജിറ്റൽ, മാനസിക ചൂഷണങ്ങളെയും ഉൾപ്പെടുത്തും. ഓൺലൈൻ തട്ടിപ്പുകളും വഞ്ചനകളും തിരിച്ചറിയുന്നതിനും ഒഴിവാക്കുന്നതിനുമായി മുതിർന്നവരെ ബോധവത്കരിക്കുന്നതിന് ഡിജിറ്റൽ സാക്ഷരതാ പരിപാടികൾ ശക്തിപ്പെടുത്തും. വയോജനങ്ങളെ ഡിജിറ്റൽ തട്ടിപ്പുകൾക്കോ വഞ്ചനയ്ക്കോ വിധേയമാക്കുന്ന സംഭവങ്ങൾ വേഗത്തിൽ റിപ്പോർട്ട് ചെയ്യാനും ഇരകൾക്ക് പിന്തുണാ സംവിധാനങ്ങൾ യഥാസമയത്ത് ലഭ്യമാക്കുന്നതിനുമായി നിയമപാലകരുടെയും സൈബർ സുരക്ഷാ ഏജൻസികളുടെയും സഹകരണത്തോടെ സംവിധാനം ശക്തമാക്കും.

**6.11 വാർദ്ധക്യസംബന്ധമായ ഗവേഷണ വികസനം, നൂതന ആശയങ്ങൾ, സാങ്കേതികവിദ്യ**

അക്കാദമിക സ്ഥാപനങ്ങളുമായും, മറ്റ് സമാന സംവിധാനങ്ങളുമായും സഹകരിച്ച് സംസ്ഥാനം പ്രായമായവരെക്കൂടി ഉൾക്കൊള്ളുന്ന സാങ്കേതിക വിദ്യകളുടെ വികസനം പ്രോത്സാഹിപ്പിക്കുകയും പ്രായോഗിക ഗവേഷണം മുന്നോട്ട് കൊണ്ടുപോകുകയും ചെയ്യും. ഈ ശ്രമത്തിൽ ഫീൽഡ്തല ഗവേഷണം, നൂതന ആശയങ്ങളുടെ തദ്ദേശീയ വികസനം, വയോജനങ്ങൾക്ക് സാങ്കേതികവിദ്യയുടെ ലഭ്യത ഉറപ്പാക്കൽ എന്നിവ ലക്ഷ്യമിട്ടുള്ള പരിപാടികൾ ഉൾപ്പെടും. താഴെപ്പറയുന്ന തന്ത്രങ്ങൾ ഇതിനായി നടപ്പാക്കും:

**1) വാർദ്ധക്യത്തെ സംബന്ധിച്ച കേരള ഗവേഷണ പരിപാടി:**

ആരോഗ്യം, വയോജനങ്ങളുടെ ചലനക്ഷമത, സാമൂഹിക ഉൾപ്പെടുത്തൽ എന്നിവയുൾപ്പെടെ വാർദ്ധക്യവുമായി ബന്ധപ്പെട്ട വെല്ലുവിളികളെക്കുറിച്ചുള്ള ഗവേഷണത്തിനായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഒരു ഗവേഷണ പരിപാടി ആരംഭിക്കും. തെളിവുകൾ അടിസ്ഥാനമാക്കിയുള്ള നയപരമായ ഇടപെടലുകൾ ഉറപ്പാക്കുന്നതിന് സർവകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് എന്നിവയുമായി പങ്കാളിത്തം സ്ഥാപിക്കും.

**2) വാർദ്ധക്യ വിജ്ഞാനപഠന മേഖലയിൽ (ജെറന്റോളജി) മികവിന്റെ കേന്ദ്രം സ്ഥാപിക്കൽ:**

വാർദ്ധക്യത്തെക്കുറിച്ചുള്ള ബഹുമുഖ ഗവേഷണം നയിക്കുന്നതിനും നൂതനമായ പരിഹാരങ്ങൾ വികസിപ്പിക്കുന്നതിനും പങ്കാളികൾക്കുള്ള പരിശീലന പരിപാടികൾ ഏകോപിപ്പിക്കുന്നതിനുമായി

'ജെറന്റോളജിയിൽ' ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കും. വിജ്ഞാന വ്യാപനത്തിനും, ശേഷി വികസന പ്രവർത്തനങ്ങൾക്കുമുള്ള ഒരു 'ഹബ്' ആയി ഈ കേന്ദ്രം പ്രവർത്തിക്കും.

**3) തദ്ദേശീയ തലത്തിൽ വികസിപ്പിച്ച നൂതന ഉദ്യമങ്ങൾക്കും സാങ്കേതികവിദ്യകൾക്കും പ്രോത്സാഹനം നൽകൽ**

സഹായ ഉപകരണങ്ങൾ, നിരീക്ഷണ ഉപകരണങ്ങൾ, സഞ്ചാരക്ഷമതാ ഉപകരണങ്ങൾ എന്നിവയുൾപ്പെടെ വയോജനങ്ങൾക്ക് സാമ്പത്തിക ബാധ്യത കുറഞ്ഞതും ഉപയോഗിക്കാൻ എളുപ്പമുള്ളതുമായ സാങ്കേതികവിദ്യകൾ വികസിപ്പിക്കാൻ തദ്ദേശീയ സ്റ്റാർട്ടപ്പുകൾക്കും സംരംഭകർക്കും പിന്തുണ നൽകും. ഉചിതമായ ഉപകരണങ്ങൾ തിരഞ്ഞെടുക്കുന്നതിനും ഫലപ്രദമായി ഉപയോഗിക്കുന്നതിനും വയോജനങ്ങളെ സഹായിക്കുന്നതിനായി ജില്ലാതലത്തിൽ സാങ്കേതികവിദ്യാ പ്രദർശന, പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കും.

**4) ഡിജിറ്റൽ ആരോഗ്യ രീതികളും ആരോഗ്യ നിരീക്ഷണവും മെച്ചപ്പെടുത്തൽ**

വയോജനങ്ങൾക്ക് പ്രത്യേകിച്ച് വിദൂര പ്രദേശങ്ങളിലോ സേവനങ്ങൾ കുറഞ്ഞ പ്രദേശങ്ങളിലോ ഉള്ളവർക്ക് സമയബന്ധിതവും താങ്ങാനാവുന്നതും തുല്യവുമായ ആരോഗ്യസേവനങ്ങൾ ഉറപ്പാക്കുന്നതിനായി ഡിജിറ്റൽ ആരോഗ്യ രീതികൾ ആരോഗ്യ സുരക്ഷാ സംവിധാനങ്ങളിൽ ഉൾപ്പെടുത്തും. പ്രധാനപ്പെട്ട ആരോഗ്യ സൂചകങ്ങൾ നിരീക്ഷിക്കാനും ആരോഗ്യപരമായ അവസ്ഥകൾ യഥാസമയം കൈകാര്യം ചെയ്യാനും സഹായിക്കുന്ന താങ്ങാനാവുന്ന ചെലവിലുള്ള നിരിക്ഷണ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ജില്ലാതലത്തിൽ 'ഡിവൈസ് ബാങ്കുകൾ (ഉപകരണ ബാങ്കുകൾ) സ്ഥാപിക്കും. 'കേരള ഡെവലപ്പ്മെന്റ് ആന്റ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ' "മെഡ്-ടെക് കൺസോർഷ്യം" പോലെയുള്ള സംരംഭങ്ങൾ ഈ ശ്രമങ്ങളെ ശക്തിപ്പെടുത്തും.

**5) സാങ്കേതികവിദ്യയിലൂടെ സാമൂഹികവും ബൗദ്ധികവുമായ ഇടപെടൽ പ്രോത്സാഹിപ്പിക്കൽ:**

മറവിരോഗ സാധ്യത കുറയ്ക്കുന്നതിന് മസ്തിഷ്ക ഉദ്ദീപനത്തിനുള്ള ബ്രെയിൻ ഗെയിമുകൾ, ഓർമ്മ ശക്തിപ്പെടുത്തുന്ന മെമ്മറി എക്സർസൈസുകൾ എന്നിവ അടക്കമുള്ള പരിശീലനം മലയാളത്തിൽ നൽകുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വികസിപ്പിക്കും. വീഡിയോ കോൾ, വെബിനാറുകൾ, ഓൺലൈൻ കമ്മ്യൂണിറ്റികൾ, മുതിർന്നവർക്ക് അനുയോജ്യമായ സോഷ്യൽമീഡിയ പരിശീലനങ്ങൾ എന്നിവ വഴി സാമൂഹ്യ ഒറ്റപ്പെടലിനെ ചെറുക്കുന്നതിന് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തും.

**6) വാർദ്ധക്യവുമായി ബന്ധപ്പെട്ട സംയോജിത ഡാറ്റാ സംവിധാനങ്ങൾ:**

വിവിധ വകുപ്പുകളിൽ നിന്നുള്ള "ഡാറ്റാ സെറ്റുകൾ' സമന്വയിപ്പിച്ച് വാർദ്ധക്യ സംബന്ധിയായ വിഷയങ്ങളിലെ ഡാറ്റാ വിടവുകൾ പരിഹരിക്കുന്ന ഒരു ഏകീകൃത ഡാറ്റാ സംവിധാനം സംസ്ഥാനതലത്തിൽ സൃഷ്ടിക്കും. ഈ സമഗ്രമായ ഡാറ്റാബേസ് തെളിവുകൾ അടിസ്ഥാനമാക്കിയുള്ള നയരൂപികരണത്തിനും മുതിർന്നപൗരന്മാരുടെ ക്ഷേമം ലക്ഷ്യമിട്ടുള്ള പദ്ധതി വികസനത്തിനും ഉപയോഗിക്കും.

**7) ആജീവനാന്ത പഠനവും ഡിജിറ്റൽ ഉൾപ്പെടുത്തലും പ്രോത്സാഹിപ്പിക്കൽ:**

സർവ്വകലാശാലകൾ, സാമൂഹിക – സന്നദ്ധ സംഘടനകൾ. നൈപുണ്യ വികസന ഏജൻസികൾ എന്നിവയുമായി സഹകരിച്ച് വയോജനങ്ങൾക്ക് ഉന്നത വിദ്യാഭ്യാസം, തൊഴിൽ പരിശീലനം എന്നിവ ഉറപ്പാക്കും. ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കാനും ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിൽ ഇടപഴകുന്നതിനും സാമൂഹ്യബന്ധങ്ങൾ മെച്ചപ്പെടുത്താനും വയോജനങ്ങൾക്കായി ഡിജിറ്റൽ സാക്ഷരതാ പരിപാടി സംഘടിപ്പിക്കും .

**7.നിർവ്വഹണ ചട്ടക്കൂട്**

വയോജന പരിചരണ പരിപാലന സേവനങ്ങൾ എല്ലാവരെയും ഉൾക്കൊള്ളുന്നതും വികേന്ദ്രീകൃതവും സുസ്ഥിരവുമാണെന്ന് ഉറപ്പാക്കിക്കൊണ്ടും വയോജനങ്ങൾക്കായുള്ള സംസ്ഥാന നയം നടപ്പിലാക്കുന്നതിനായി ശക്തമായ ഒരു ചട്ടക്കൂട് സ്ഥാപിക്കുവാൻ കേരള സംസ്ഥാനം ലക്ഷ്യമിടുന്നു.

**7.1 വയോജന അയൽക്കൂട്ടങ്ങൾ**

ഒരു പ്രധാന പ്രവർത്തനമെന്ന നിലയിൽ, എല്ലാ വയോജനങ്ങളുടെയും സജീവപങ്കാളിത്തം പ്രോത്സാഹിപ്പിച്ചുകൊണ്ട് കേരളത്തിലുടനീളം വയോജന അയൽക്കൂട്ടങ്ങൾ രൂപീകരിക്കും. സാമൂഹിക ഉൾച്ചേർക്കൽ, സമപ്രായക്കാരുടെ പിന്തുണ എന്നിവ ഉറപ്പാക്കി കൂട്ടായ അവകാശ സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള അടിസ്ഥാന സംവിധാനമായി വയോജന അയൽക്കൂട്ടങ്ങൾ പ്രവർത്തിക്കും. ഇത് ആശങ്കകൾ പ്രകടിപ്പിക്കാനും, വിഭവങ്ങൾ വിനിയോഗിക്കാനും ക്ഷേമം വർദ്ധിപ്പിക്കുന്ന സാമൂഹിക സംരംഭങ്ങളിൽ പങ്കെടുക്കാനും വയോജനങ്ങളെ പ്രാപ്തരാക്കും. ആവശ്യങ്ങൾ തിരിച്ചറിയുകയും സേവനങ്ങൾ ലഭ്യമാക്കാൻ പരസ്പരം സഹായിക്കുകയും ചെയ്യുന്നതിലൂടെ, വയോജന അയൽക്കൂട്ടങ്ങൾ മുതിർന്ന പൗരന്മാർക്കിടയിൽ ഒരുമയുടെ ബോധം വളർത്തുകയും സജീവമായ സാമൂഹിക ഇടപെടൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ഇത് സമൂഹത്തിന് വിലപ്പെട്ട സംഭാവന നൽകുന്നവരായി വയോജനങ്ങൾ ഉടരുന്നുവെന്ന കാര്യം ഉറപ്പാക്കും. ഈ പ്രവർത്തനങ്ങളുടെ ഏകോപനം നിർവ്വഹിക്കുന്ന വയോജനങ്ങളുടെ വിഭവസമ്പദ്കേന്ദ്രം കൂടിയായി വയോജന ക്ലബുകളുടെ പദവി ഉയർത്തും.

**7.2 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഡാറ്റാധിഷ്ഠിത വയോജന പരിചരണ ചട്ടക്കൂട്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർഷംതോറും വയോജന അയൽക്കൂട്ടങ്ങളുടെ സഹായത്തോടെ വയോജനങ്ങളെക്കുറിച്ചുള്ള സ്ഥിതിവിവര റിപ്പോർട്ടുകൾ സമഗ്രമായ വിവരശേഖരണത്തിലൂടെ തയ്യാറാക്കും. ഈ റിപ്പോർട്ട് തെളിവുകൾ അടിസ്ഥാനമാക്കി തീരുമാനമെടുക്കുന്നതിനും സേവന വിതരണത്തിന് മുൻഗണന നൽകുന്നതിനുമുള്ള അടിസ്ഥാന രേഖയായി വർത്തിക്കും. സിവിൽ സമൂഹം, വിദഗ്ധ സമിതികൾ ഉൾപ്പെടെ വിവിധ തട്ടുകളിലെ പങ്കാളികളുമായി ഈ റിപ്പോർട്ട് ചർച്ച ചെയ്തതിനുശേഷം വയോജനങ്ങൾക്കുള്ള പ്രാദേശിക വാർഷിക പദ്ധതികൾ, മുൻഗണന ചട്ടക്കൂട്ടുകൾ, വ്യക്തിഗത പരിചരണ പദ്ധതികൾ എന്നിവ വികസിപ്പിക്കും.

### 7.3 വിദഗ്ധ സഹായത്തിനായി വോളന്റിയർ ടെക്നിക്കൽ കോർപ്പ് (വി.ടി.സി) സ്ഥാപിക്കൽ

വയോജനക്ഷേമ മേഖലയിൽ ആസൂത്രണവും നിർവഹണവും ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ സന്നദ്ധ സാങ്കേതിക സേന (വോളന്റിയർ ടെക്നിക്കൽ കോർപ്പ് – വി.ടി.സി.കൾ) രൂപീകരിക്കും . ഓരോ തലത്തിലും വയോജന പരിചരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സാങ്കേതിക വൈദഗ്ധ്യം, തന്ത്രപരമായ നിർദ്ദേശങ്ങൾ, തെളിവുകൾ/ വിവരങ്ങൾ അടിസ്ഥാനമാക്കിയുള്ള ശിപാർശകൾ എന്നിവ ഈ സന്നദ്ധ റിസോഴ്സ് ഗ്രൂപ്പുകൾ നൽകും. ഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ പ്രക്രിയകളിൽ വൈവിധ്യമാർന്ന കാഴ്ചപ്പാടുകൾ, മികച്ച രീതികൾ, വയോജനങ്ങളുടെ ഉയർന്നുവരുന്ന ആവശ്യങ്ങൾ എന്നിവ ഉൾക്കൊള്ളുന്നുവെന്ന് ഉറപ്പാക്കിക്കൊണ്ട് വി.ടി.സി.കൾ ഉപദേശക സമിതികളായി പ്രവർത്തിക്കും. വി.ടി.സി കൾ പ്രാദേശികതലത്തിൽ നിന്നുള്ള ശിപാർശകൾ ജില്ലാ, സംസ്ഥാന തലങ്ങളിലേക്ക് കൃത്യമായി എത്തിക്കുകയും വയോജന സംരക്ഷണ മേഖലയിൽ ആസൂത്രണത്തിലും നിർവ്വഹണത്തിലും ഏകീകൃതവും പങ്കാളിത്തപരവുമായ സമീപനം രൂപപ്പെടുത്തുകയും ചെയ്യും.

### 7.4 നയരൂപീകരണത്തിനും ആസൂത്രണത്തിനുമുള്ള ആനുകാലിക വയോജന സ്ഥിതി വിവര റിപ്പോർട്ട്

ഡാറ്റാ– അധിഷ്ഠിത നയരൂപീകരണവും വിഭവ വിതരണവും ഉറപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ ഓരോ അഞ്ചുവർഷത്തിലും ഒരു സംസ്ഥാന വയോജന റിപ്പോർട്ട് പ്രസിദ്ധീകരിക്കും. ഈ റിപ്പോർട്ട് ജനസംഖ്യാപ്രവണതകൾ, ഉയർന്നുവരുന്ന വെല്ലുവിളികൾ, വയോജനങ്ങളുടെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങൾ എന്നിവയെക്കുറിച്ച് സമഗ്രമായ ഉൾക്കാഴ്ച നൽകും. വയോജന പരിചരണ നയങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിനും സേവനത്തിലെ പോരായ്മകൾ കണ്ടെത്തി പരിഹരിക്കുന്നതിനും വയോജന ക്ഷേമവുമായി ബന്ധപ്പെട്ട സർക്കാർ ഇടപെടലുകൾ മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക സാമ്പത്തിക സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിനുമുള്ള ഒരു നിർണായക രേഖയായി ഇത് വർത്തിക്കും. ഈ റിപ്പോർട്ട് തെളിവുകൾ അടിസ്ഥാനമാക്കിയുള്ള തീരുമാനങ്ങൾ എടുക്കാൻ വകുപ്പുകളെ സഹായിക്കുകയും കേരളത്തിലെ വയോജനങ്ങളുടെ ക്ഷേമം വർദ്ധിപ്പിക്കുന്നതിന് വിഭവങ്ങൾ കാര്യക്ഷമമായി വിനിയോഗിക്കാനും തന്ത്രങ്ങൾ കാലോചിതമായി പരിഷ്കരിക്കാനും സർക്കാരിനെ സഹായിക്കുകയും ചെയ്യും.

### 7.5 സ്ഥാപനപരമായ ക്രമീകരണങ്ങൾ

#### 1) സാമൂഹ്യനീതി വകുപ്പ്:

കേരള സംസ്ഥാന വയോജന നയം നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി സാമൂഹ്യനീതി വകുപ്പ് പ്രവർത്തിക്കും. വയോജനങ്ങൾക്കുള്ള ക്ഷേമ പദ്ധതികളുടെ രൂപീകരണം, നിർവ്വഹണം, ഫണ്ട് വിതരണം, വയോജന ക്ഷേമത്തിന് സമഗ്രമായ സമീപനം ഉറപ്പാക്കുന്നതിന് മറ്റ് സർക്കാർ വകുപ്പുകളുമായുള്ള ഏകോപനം എന്നിവക്ക് സാമൂഹ്യനീതി വകുപ്പ് മേൽനോട്ടം വഹിക്കും. നിയമനടപടികൾ സ്വീകരിക്കുന്നതിനും

രൂപപ്പെടുത്തുന്നതിനും, സർക്കാർ പിന്തുണയുള്ള വയോജന സംരക്ഷണ കേന്ദ്രങ്ങൾ നടത്തുന്നതിനും സാമൂഹ്യ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും, തെളിവ് അടിസ്ഥാനമാക്കിയുള്ള നയരൂപീകരണം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള ശേഷിവികസന പരിപാടികൾ, പൊതു അവബോധ പ്രചാരണ പരിപാടികൾ, ഗവേഷണ സഹകരണങ്ങൾ എന്നിവയും വകുപ്പിന്റെ ചുമതലയിൽപ്പെടും. നിരന്തരമായ നിരീക്ഷണത്തിലൂടെയും വിലയിരുത്തലിലൂടെയും സംസ്ഥാനത്തെ വയോജനപരിചരണ സേവനങ്ങളുടെ സുതാര്യത, സാമൂഹിക പ്രതിബദ്ധത, ഉത്തരവാദിത്ത ബോധത്തോടുകൂടിയുള്ള ഫലപ്രദമായ സേവന വിതരണം എന്നിവ ഉറപ്പാക്കും. സംസ്ഥാനതല ആസൂത്രണത്തിനും പ്രാദേശികതല നിർവ്വഹണത്തിനും ഇടയിലുള്ള നിർണായക കണ്ണികളായി ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ പ്രവർത്തിക്കും. അവർ വിഭവ വിതരണത്തിന് മേൽനോട്ടം വഹിക്കുകയും, ജില്ലയിലെ പ്രത്യേക വെല്ലുവിളികൾ കണ്ടെത്തുകയും പദ്ധതികളുടെ സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കുകയും ചെയ്യും.

**2) കേരള സംസ്ഥാന വയോജന കമ്മീഷൻ:**

വയോജനങ്ങളുടെ അവകാശങ്ങൾ, ക്ഷേമം, ശാക്തീകരണം. സംരക്ഷണം എന്നിവ ഉറപ്പാക്കി കേരള സംസ്ഥാന വയോജനനയം ഫലപ്രദമായി നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുന്ന ഉന്നതതല നിയന്ത്രണ സ്ഥാപനമായി (റെഗുലേറ്ററി ബോഡി) കേരള സംസ്ഥാന വയോജന കമ്മീഷൻ പ്രവർത്തിക്കും. അധികാരമുള്ള റെഗുലേറ്ററി സ്ഥാപനമെന്ന നിലയിലും പരാതി പരിഹാര സംവിധാനമെന്ന നിലയിലും അതിക്രമം, അവഗണന, ചൂഷണം എന്നിവയിൽനിന്ന് വയോജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള നിയമ നിർവ്വഹണ സംവിധാനമായി കമ്മീഷൻ പ്രവർത്തിക്കും. വയോജനങ്ങൾക്കെതിരായ അതിക്രമങ്ങളിൽ കർശനമായ നിയമ നടപടികൾക്ക് കമ്മീഷൻ ശിപാർശ ചെയ്യും. വയോജന സൗഹൃദനയങ്ങൾക്കും തലമുറകൾ തമ്മിലുള്ള ഐക്യത്തിനും വേണ്ടി നിലകൊള്ളുന്നതിനൊപ്പം, നയത്തിന്റെ ഫലപ്രദമായ നിർവ്വഹണം ഉറപ്പാക്കുന്നതിന് സംസ്ഥാനതല മാർഗ്ഗനിർദേശങ്ങൾ കമ്മീഷൻ പുറപ്പെടുവിക്കുകയും അവ ഫലപ്രദമായി പാലിക്കപ്പെടുന്നുവെന്ന് നിരീക്ഷിക്കുകയും ചെയ്യും. നിയമ സഹായം, നിയമപരമായ ഇടപെടൽ തുടങ്ങിയവയിലൂടെ പരാതി പരിഹാരത്തിനുള്ള നടപടികൾ കമ്മീഷൻ സുഗമമാക്കും.

**3) സംസ്ഥാന വയോജന കൗൺസിൽ.**

വയോജന കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് പൂരകമായി സംസ്ഥാന, ജില്ലാ, പഞ്ചായത്ത് തലങ്ങളിൽ പ്രവർത്തിക്കുന്ന വയോജന കൗൺസിലുകൾ വയോജന ക്ഷേമപരിപാടികളുടെ പുരോഗതി നിരീക്ഷിക്കുകയും നയപരമായ ശിപാർശകൾ വയോജന കമ്മീഷന് നൽകുകയും ചെയ്യും. വയോജന നയത്തിന്റെ ലക്ഷ്യങ്ങൾ ഫലപ്രദമായി നിറവേറ്റപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിനുള്ള മേൽനോട്ട സംവിധാനമായി വയോജന കൗൺസിലുകൾ പ്രവർത്തിക്കും.

**4) സർക്കാർ വകുപ്പുകൾ:**

വയോജന നയം ഫലപ്രദമായി നടപ്പാക്കുന്നതിന് സർക്കാർ വകുപ്പുകൾ അവയുടെ പ്രധാന പദ്ധതികൾ വയോജന സൗഹൃദപരമാണെന്ന് ഉറപ്പുവരുത്തും. ഓരോ വകുപ്പും തങ്ങളുടെ പരിപാടികളെയും പദ്ധതികളെയും വയോജന നയത്തിന്റെ ലക്ഷ്യങ്ങളുമായി യോജിപ്പിച്ച് വയോജനങ്ങൾക്ക് സമഗ്രമായ സേവന ലഭ്യത ഉറപ്പാക്കും. വകുപ്പുകൾ തമ്മിലുള്ള ഏകോപനം സാമൂഹ്യനീതി വകുപ്പ് നോഡൽ ഓഫീസർമാർ മുഖേന സുഗമമാക്കുകയും, പ്രവർത്തനങ്ങളിലെ ഇരട്ടിപ്പുകൾ, പോരായ്മകൾ, വെല്ലുവിളികൾ എന്നിവ കൂട്ടായി പരിഹരിച്ച് സഹകരണാത്മകമായ ഒരു സമീപനം വയോജന ക്ഷേമവുമായി ബന്ധപ്പെട്ട് സ്വീകരിക്കുകയും ചെയ്യും.

**5) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ:**

വിവിധ വയോജന സംരക്ഷണ പ്രവർത്തനങ്ങൾ സാമൂഹിക പങ്കാളിത്തത്തോടെ പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായി നടപ്പിലാക്കപ്പെടുന്നുവെന്ന് ഉറപ്പാക്കി വയോജനനയം നടപ്പാക്കുന്നതിൽ പ്രധാനപങ്കാളിയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തിക്കൊണ്ട് സാമൂഹിക വിഭവങ്ങൾ സമാഹരിച്ച് ഭരണത്തിന്റെ വിവിധ തലങ്ങളിൽ ഏകീകരണം ഉറപ്പാക്കി ആസൂത്രണം, വിഭവ വിതരണം, സേവന വിതരണം എന്നിവയിൽ പ്രധാന പങ്കുവഹിക്കും. ലക്ഷ്യബോധമുള്ള ഇടപെടലുകളും ഫലപ്രദമായ സേവന വിതരണവും സുഗമമാക്കുന്നതിന്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുതിർന്നപൗരന്മാരുടെ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കും. പ്രാദേശിക വയോജന സംരക്ഷണ പദ്ധതികൾ വികസിപ്പിക്കുന്നതിനും, വയോജനങ്ങളുടെ ആവശ്യങ്ങൾക്ക് മുൻഗണന നൽകുന്നതിനും, പദ്ധതികളുടെ ഫലപ്രാപ്തി നിരീക്ഷിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വോളന്റിയർ ടെക്നിക്കൽ കോർപ്പ്, വയോജന അയൽക്കൂട്ടങ്ങൾ തുടങ്ങിയ പങ്കാളികളുമായി സഹകരിക്കും.

**6 )തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വയോജന പരിചരണത്തിനായുള്ള പ്രൊഫഷണൽ കേഡർ:**

വയോജന സംരക്ഷണ പരിപാടികൾക്ക് മേൽനോട്ടം വഹിക്കുന്നതിനും, സാമൂഹിക പ്രവർത്തനവുമായി ബന്ധപ്പെട്ട വൈദഗ്ധ്യവും യോഗ്യതയുമുള്ള പ്രൊഫഷണലുകളാണ് വയോജന ക്ഷേമസംരംഭങ്ങൾ കൈകാര്യം ചെയ്യുന്നതെന്ന് ഉറപ്പാക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ തദ്ദേശ സ്വയംഭരണ തലത്തിൽ ഒരു പ്രത്യേക പ്രൊഫഷണൽ കേഡർ രൂപീകരിക്കും. തദ്ദേശ സ്വയംഭരണ തലത്തിൽ വയോജന പരിപാടികൾ കേന്ദ്രീകൃതമായി നടപ്പിലാക്കുന്നതിനുള്ള ഒരു ഏകികൃത സംവിധാനമായിരിക്കും ഈ കേഡർ. തുടക്കത്തിൽ മറ്റു വകുപ്പുകളിൽനിന്നുള്ള ഉദ്യോഗസ്ഥരെ പുനർവിന്യസിച്ചുകൊണ്ടായിരിക്കും ഇത് വികസപ്പിച്ചെടുക്കുക. ക്രമേണ, സ്ഥിരമായി പ്രൊഫഷണലുകളെ നിയമിച്ചു കൊണ്ട് ഈ താത്കാലിക വിഭാഗത്തെ മാറ്റുകയും വയോജന സംരക്ഷണത്തിനുള്ള സ്ഥാപനപരമായ ശേഷി ശക്തിപ്പെടുത്തുകയും ചെയ്യും. പുതിയ കേഡർ സംവിധാനം പൂർണ്ണമായി നിലവിൽ വരുന്നത് വരെ, സാമൂഹ്യനീതി വകുപ്പിന്റെ വിഭജനത്തിനു മുമ്പ് വയോജന മേഖല കൈകാര്യം ചെയ്തിരുന്ന ചൈൽഡ് ഡെവലപ്മെന്റ് പ്രോഗ്രാം

ഓഫീസർമാർ (സി.ഡി.പി.ഒ.-മാർ), ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ എന്നിവർ തദ്ദേശസർക്കാരുകളുടെ മേൽനോട്ടത്തിൽ ഓഫീസർ-ഇൻചാർജ്ജായി തുടരും. വയോജനക്ഷേമ മേഖലയിലെ അവരുടെ അറിവും മുൻപരിചയവും വയോജന പരിചരണ പരിപാടികളുടെ സുഗമമായ നിർവ്വഹണം ഉറപ്പിക്കുന്നതിനും, സേവന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും, സാമൂഹിക തലത്തിൽ വയോജനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന പിന്തുണ നിലനിർത്തുന്നതിനും സഹായിക്കും.

**7.6 സാമ്പത്തിക സഹായ ചട്ടക്കൂട്**

ഘടനാപരമായതും വിവിധ തലങ്ങളുള്ളതുമായ ഒരു സമീപനത്തിലൂടെ വയോജന സംരക്ഷണ പ്രവർത്തനങ്ങൾക്ക് സുസ്ഥിരവും നീതിയുക്തവുമായ ധനസഹായം ഉറപ്പാക്കും. നൂതനവും എല്ലാവരെയും ഉൾക്കൊള്ളുന്നതും ഫലപ്രദവുമായ വയോജന സംരക്ഷണ പരിപാടികൾ കാര്യക്ഷമമായി നടപ്പാക്കാൻ വിവിധ ധനസ്രോതസ്സുകൾ ഉപയോഗിച്ച് വിഭവങ്ങളുടെ തുടർച്ചയായ ലഭ്യത ഉറപ്പാക്കും.

**1) സംസ്ഥാന സർക്കാർ:**

സംസ്ഥാന സർക്കാർ മൊത്തം സംസ്ഥാന ബഡ്ജറ്റിന്റെ ഏകദേശം 5% തുകയെങ്കിലും വയോജന ക്ഷേമ പദ്ധതികൾക്കായി നീക്കിവയ്ക്കും. ഫണ്ട് വിതരണം, മേൽനോട്ടം, കാര്യക്ഷമമായ നടത്തിപ്പ്, വിവിധ വകുപ്പുകളുടെ ഏകോപനം എന്നിവ ഉറപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി സാമൂഹ്യനീതി വകുപ്പ് പ്രവർത്തിക്കും. വിവിധ വകുപ്പുകളുടെ ആവശ്യങ്ങൾ സംയോജിപ്പിച്ച്, സംസ്ഥാനതലത്തിൽ വയോജനക്ഷേമ പദ്ധതികൾക്കായുള്ള പ്രത്യേക വിഹിതങ്ങളും ചെലവുകളും വ്യക്തമാക്കുന്ന ഒരു വാർഷിക വയോജന ബജറ്റ് സംസ്ഥാന ബജറ്റിനോടൊപ്പം തയ്യാറാക്കും. വയോജന സംരക്ഷണ പരിപാടികൾക്കായി പ്രത്യേക ഫണ്ട് സ്വരൂപിക്കുന്നതിന് സംസ്ഥാനം ഒരു പുതിയ സെസ് ഏർപ്പെടുത്തും. ഈ സെസ് വസ്തു നികുതിയിൽ നിന്ന് ചുമത്തുകയും പഞ്ചായത്തിരാജ് നിയമ പ്രകാരം നടപ്പിലാക്കുകയും ചെയ്യും. ഇത് തദ്ദേശ സ്വയംഭരണ തലത്തിൽ വയോജന ക്ഷേമപ്രവർത്തനങ്ങൾക്ക് സുസ്ഥിരമായ സാമ്പത്തിക പിന്തുണ ഉറപ്പാക്കും.

**2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ:**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക ബജറ്റിന്റെ കുറഞ്ഞത് 10% വയോജന ക്ഷേമ പ്രവർത്തനങ്ങൾക്കായി നീക്കിവെക്കുന്നത് ഉറപ്പാക്കും. ഇത് താഴെ തട്ടിലുള്ള നടപ്പാക്കൽ ഉറപ്പാക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള വയോജനങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ പരിഹരിക്കുകയും ചെയ്യും.

**3) പൊതു സ്വകാര്യ പങ്കാളിത്തങ്ങൾ:**

പൊതു സ്വകാര്യ പങ്കാളിത്തങ്ങൾ പ്രോത്സാഹിപ്പിക്കുകയും, കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്ത (സി.എസ്.ആർ.) സംഭാവനകൾ, ജീവകാരുണ്യ സംരംഭങ്ങൾ, സാമൂഹികപങ്കാളിത്തം എന്നിവ

പ്രയോജനപ്പെടുത്തി വയോജന ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സുസ്ഥിരത വർധിപ്പിക്കുകയും ചെയ്യും.

### 7.7 നിരീക്ഷണവും മേൽനോട്ടവും വിലയിരുത്തലും

കേരള സംസ്ഥാന വയോജനനയം ഫലപ്രദമായും സുതാര്യമായും ഉത്തരവാദിത്തത്തോടെയും നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് ശക്തമായ നിരീക്ഷണ– വിലയിരുത്തൽ സംവിധാനം സ്ഥാപിക്കും.

**1) ഡാറ്റാ സംവിധാനവും പ്രവർത്തന അവലോകനവും:**

വയോജന പരിചരണ സേവനങ്ങൾ തത്സമയം നിരീക്ഷിക്കുന്നതിനും വിവരങ്ങൾ അടിസ്ഥാനമാക്കിയുള്ള ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നതിനും സൂക്ഷ്മ പരിശോധന സാധ്യമാക്കുന്നതിനും ഒരു കേന്ദ്രീകൃത ഡാറ്റാസംവിധാനവും ഡിജിറ്റൽ നിരീക്ഷണ സംവിധാനവും വികസിപ്പിക്കും. ഈ സംവിധാനം പദ്ധതികളുടെ പുരോഗതി രേഖപ്പെടുത്തുകയും, സേവന വിതരണം, സാമ്പത്തിക ചെലവുകൾ, ഗുണഭോക്തൃ കവറേജ് എന്നിവയെക്കുറിച്ചുള്ള തത്സമയ വിവര ശേഖരണം ഉറപ്പാക്കുകയും ചെയ്യും. ഇത് പതിവായ പ്രവർത്തന അവലോകനങ്ങൾ സുഗമമാക്കുകയും സമയോചിതമായ ഇടപെടലിനും തിരുത്തലിനുമുള്ള അവസരം സൃഷ്ടിക്കുകയും ചെയ്യും. കേന്ദ്രീകൃത ഡാറ്റാസംവിധാനം നയരൂപകർത്താക്കൾക്കും നിർവ്വഹണ ഏജൻസികൾക്കും തീരുമാനങ്ങൾ എടുക്കുന്നതിനും വിഭവങ്ങൾ വിനിയോഗിക്കുന്നതിനുമായി ലഭ്യമാക്കും. എല്ലാ പ്രധാന പദ്ധതികളുടെയും പുരോഗതി പൊതുസമൂഹത്തിന് ലഭ്യമാക്കും. അതുവഴി സുതാര്യതയും പൊതുജനാഭിപ്രായവും വിവിധ പങ്കാളികളുടെ സജീവമായ ഇടപെടലും ഉറപ്പാക്കും.

**2) സാമൂഹികതലത്തിലുള്ള നിരീക്ഷണം:**

സാമൂഹികതലത്തിലുള്ള നിരീക്ഷണത്തിലൂടെ വയോജന പരിചരണ പരിപാടികൾ പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായി നടപ്പാക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കും. സേവന വിതരണം ട്രാക്ക് ചെയ്യാനും മുതിർന്നപൗരന്മാരിൽ നിന്ന് പ്രത്യഭിപ്രായം (ഫീഡ്ബാക്ക്) ശേഖരിക്കാനും വയോജന അയൽക്കൂട്ടങ്ങൾ, സന്നദ്ധപ്രവർത്തകർ, സാമൂഹിക സംഘടനകൾ എന്നിവരുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സഹകരിക്കും. ഈ വികേന്ദ്രീകൃത നിരീക്ഷണം താഴെതട്ടിലെ സേവനങ്ങളുടെ ലഭ്യതയിലും ഗുണനിലവാരത്തിലുമുള്ള പോരായ്മകൾ പരിഹരിക്കാൻ സഹായിക്കും.

**3) സാമൂഹിക ഉത്തരവാദിത്തം:**

നയനിർവ്വഹണത്തിന്റെയും പദ്ധതി നടത്തിപ്പിന്റെയും സോഷ്യൽ ഓഡിറ്റുകളിലൂടെ സാമൂഹിക ഉത്തരവാദിത്തത്തിന് ശക്തമായ ഊന്നൽ നൽകും. പൊതുജന സംഘടനകൾ, വയോജന കൂട്ടായ്മകൾ, വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി പദ്ധതികളുടെ സാമൂഹിക ഓഡിറ്റുകൾ കൃത്യമായ ഇടവേളകളിൽ നടത്തും. വയോജന പരിചരണ പരിപാടികളുടെയും പദ്ധതികളുടെയും ഫലപ്രാപ്തി, വ്യാപ്തി, ഗുണനിലവാരം എന്നിവ വിലയിരുത്തുന്നതിനും പോരായ്മകൾ തിരിച്ചറിയുന്നതിനും തിരുത്തൽ നടപടികൾ ശിപാർശ ചെയ്യുന്നതിനും

ഈ ഓഡിറ്റുകൾ സഹായിക്കും. കൂടുതൽ സുതാര്യതയും സാമൂഹിക പങ്കാളിത്തവും ഉറപ്പാക്കുന്നതിന് ഈ ഓഡിറ്റുകളുടെ ഫലങ്ങൾ പൊതുജനങ്ങൾക്കായി പരസ്യപ്പെടുത്തും.

**4) സമകാലിക വിലയിരുത്തലും (കൺകറന്റ് ഇവാലുവേഷൻ) ആഘാത പഠനവും (ഇംപാക്ട് അസസ്മെന്റ്):**

നിലവിലുള്ള നിരീക്ഷണത്തിന് പുറമെ, സാമൂഹ്യനീതി വകുപ്പ് സ്വതന്ത്ര ഏജൻസികളുമായി സഹകരിച്ച് തിരഞ്ഞെടുത്ത പദ്ധതികളുടെ സമകാലിക മൂല്യനിർണ്ണയവും വിലയിരുത്തലും നടത്തും.

**5) പുരോഗതി റിപ്പോർട്ടുകൾ:**

നേട്ടങ്ങൾ, വെല്ലുവിളികൾ, അനുഭവ പാഠങ്ങൾ എന്നിവ രേഖപ്പെടുത്തുന്ന വാർഷിക പുരോഗതി റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കും. ഈ റിപ്പോർട്ടുകൾ ഭാവി ആസൂത്രണത്തിന് മാർഗ്ഗനിർദ്ദേശം നൽകുകയും, വയോജന പരിചരണ പദ്ധതികൾ ജനസംഖ്യയിലും, സാമൂഹിക- സാമ്പത്തിക മേഖലയിലുമുള്ള മാറുന്ന പ്രവണതകളോട് പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യും.

## 8. നിയമ നിർമ്മാണ ചട്ടക്കൂട്

ദേശീയ നിയമത്തിലെ വ്യവസ്ഥകൾക്കു പുറമെ, സംസ്ഥാനത്തെ സാഹചര്യം പ്രത്യേകമായി പരിഗണിച്ച് വയോജനങ്ങളുടെ ക്ഷേമം, സംരക്ഷണം, സാമ്പത്തിക സുരക്ഷിതത്വം, പരിചരണം എന്നിവ ലക്ഷ്യമിട്ടുള്ള ഒരു സമഗ്ര സംസ്ഥാന നിയമം കേരളം നടപ്പിലാക്കും. നിയമ നിർവ്വഹണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും നിയമ ലംഘനങ്ങൾക്കുള്ള ശിക്ഷകൾ ഉറപ്പാക്കുകയും ചെയ്യും. മുതിർന്നപൗരന്മാരുടെ ക്ഷേമവും അന്തസ്സും ഉയർത്തിപ്പിടിക്കുന്നതിനായി ഫലപ്രദമായി പ്രവർത്തിക്കുന്ന പരാതി പരിഹാര സംവിധാനം ഉറപ്പാക്കും. മാറിക്കൊണ്ടിരിക്കുന്ന ജനസംഖ്യാ സാഹചര്യത്തിനും മുതിർന്നപൗരന്മാരുടെ ആവശ്യങ്ങൾക്കും അനുസൃതമായി 2009 ലെ കേരള മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് റൂൾസ് സമഗ്രമായി പരിഷ്കരിക്കും. പുതുക്കിയ ചട്ടങ്ങളിൽ വയോജനങ്ങൾ നേരിടുന്ന സമകാലിക വെല്ലുവിളികൾ പരിഹരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തും. മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക സാമ്പത്തിക യാഥാർത്ഥ്യങ്ങളുടെ പശ്ചാത്തലത്തിൽ മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ, അന്തസ്സ്, ക്ഷേമം എന്നിവ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യും.

## 9.നയ നിർവ്വഹണത്തിനുള്ള വിശദമായ കർമ്മ പദ്ധതി

നയത്തിലെ നിർദ്ദേശങ്ങളും, വ്യവസ്ഥകളും ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള വിശദമായ കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകളെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിക്കും. ഈ നയം വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ മൂന്ന് മാസത്തിനകം കർമ്മ പദ്ധതി തയ്യാറാക്കും. നയത്തിലെ ഓരോ വ്യവസ്ഥയും അളക്കാവുന്ന സൂചകങ്ങളോടെ പ്രവർത്തനക്ഷമമായ പദ്ധതികളാക്കി മാറ്റുന്നുവെന്ന് ഉറപ്പാക്കുന്നതിന് ഫലപ്രദമായ ഒരു നിർണയ ചട്ടക്കൂട് (റിസൾട്ട് ഡ്രിവൺ ഫ്രെയിംവർക്ക്) രൂപീകരിക്കും.

നയത്തിന്റെ സമയബന്ധിതവും കാര്യക്ഷമമവുമായ നിർവ്വഹണം, നിരീക്ഷണം, വിലയിരുത്തൽ, അവലോകനം എന്നിവ സുഗമമാക്കുന്നതിന് വ്യക്തമായ സമയ പരിധി, ചുമതലകൾ, വിഭവങ്ങൾ എന്നിവ കർമ്മ പദ്ധതിയിൽ വ്യക്തമാക്കും.

**10. നയ അവലോകനം**

വ്യക്തിഗത പ്രവർത്തനങ്ങൾക്കപ്പുറം, കേരളത്തെ ഒരു വയോജന സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള സമഗ്രവും സംയോജിതവുമായ ഒരു സമീപനമാണ് ഈ നയം വിഭാവനം ചെയ്യുന്നത്. ഈ നയത്തിന്റെ അടിസ്ഥാനത്തിൽ എടുക്കുന്ന നടപടികൾ തുടർച്ചയായി വിലയിരുത്തുകയും ആവശ്യമായ സന്ദർഭങ്ങളിൽ പരിഷ്കാരങ്ങൾ വരുത്തുകയും ചെയ്യും. ഈ "മുതിർന്നപൗരന്മാരുടെ കേരള സംസ്ഥാന നയം-2026", പ്രാബല്യത്തിൽ വന്ന് 10 വർഷത്തിനു ശേഷം വീണ്ടും അവലോകനം ചെയ്യുകയും പുതിയ നയം വികസിപ്പിക്കുകയും ചെയ്യും.

**"സർവ്വേ വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്"**

| | SHAILI 1 | Coverage % | SHAILI 2 | Coverage % |
|---|---|---|---|---|
| Population Above 30 Years | 1,85,10,011 | | 1,85,10,011 | |
| NCD Population Based Survey Done | 1,54,26,176 | 83.34% | 1,43,94,850 | 77.77% |
| CBAC > 4 | 27,91,062 | 18.09% | 61,71,994 | 42.88% |
| Above 60 Population Surveyed | 50,49,319 | 32.73% | 46,91,844 | 32.59% |
| Bedridden Patients | 1,09,323 | 0.71% | 1,32,334 | 0.92% |
| Homebound Patients | 1,91,108 | 1.24% | 2,20,472 | 1.53% |
| Referred for Cancer Screening | 9,13,484 | 5.92% | 2,65,645 | 1.85% |
| Referred for Respiratory Evaluation | 4,38,469 | 2.84% | 4,83,053 | 3.36% |
| Patients Already Diagnosed with Hypertension Alone | 16,55,350 | 10.73% | 18,33,546 | 12.74% |
| Patients Already Diagnosed with Diabetes Alone | 13,37,347 | 8.67% | 12,42,046 | 8.63% |
| Patients Already Diagnosed with both Hypertension & Diabetes | 6,26,522 | 4.06% | 8,23,712 | 5.72% |

**SHAILI**